# അന്നാകരീ

അനുജൻ, തിരുവാങ്കുളം എം. എ.

G
894.8124
ANU

എ. വി. എല്‍. പ്രസിദ്ധീക

# കണ്ണകൾ

(ഒരു ജമ്മൻ നോവൽ)

3553
30 49

മൂന്നാം പതിപ്പ്

വിവർത്തകൻ :-

**അനുജൻ തിരുവാങ്കുളം, എം. എ.**

A-81

വില: 50· പൈസ.

പ്രസാധകർ:
**ആമിനാ ബുക്ക്സ്റ്റാൾ,**
**തൃശ്ശൂർ–1.**

ഒന്നാം പതിപ്പ് കോപ്പി 1000
1954 സപ്തംബർ

രണ്ടാം പതിപ്പ് കോപ്പി 1000
1960 ജനുവരി

മൂന്നാം പതിപ്പ് കോപ്പി 2000
1965 ഏപ്രിൽ

(സർവ്വാവകാശങ്ങളും ആമിനാ ബുക്ക്സ്റ്റാളിന്ന്)

അച്ചടി;-
ആമിനാ പ്രിൻേറഴ്സ്, തൃശ്ശൂർ.

## എനിയ്ക്കു് പറയുവാനുള്ളതു്!

ഇതാ, ഒരു കൊച്ചു ജർമ്മൻ നോവൽ.................! മനോഹരങ്ങളായ ചിത്രങ്ങളുടെ ഹൃദയം കണ്ടറിയാൻ കഴിവുള്ള ഒരു കലാപ്രേമി, ആഹാരംപോലും ഉപേക്ഷിച്ചു് ചിത്രങ്ങൾ വാങ്ങി ശേഖരിക്കുന്നു. പക്ഷെ, അവയെല്ലാം കണ്ണുകൊണ്ടു് കാണാനുള്ള ഭാഗ്യം അയാൾക്കുണ്ടായില്ല. വിധി, അദ്ദേഹത്തിന്റെ കണ്ണുകളുടെ വെളിച്ചം അപഹരിച്ചു് കളഞ്ഞു; എന്നാലും വിരലുകൾകൊണ്ടു് തപ്പിത്തടഞ്ഞു് ആ അന്ധൻ ചിത്രങ്ങളുടെ ആത്മാവിലേക്കും, ഹൃദയത്തിലേക്കും ഇറങ്ങിച്ചെല്ലുകയാണു്.......എന്നിട്ടോ? അല്ലെങ്കിൽ വേണ്ട "സ്റ്റീഫൻ സ്വിഗി"ന്റെ ഉജ്ജ്വലമായ പ്രതിഭയുടെ മുമ്പിൽ ഞാൻ നിങ്ങളോടു് അതുമിതും പറഞ്ഞു് നില്ക്കുകയില്ല. നിങ്ങൾക്കുതന്നെ വായിച്ചു് നോക്കാമല്ലൊ? മലയാളികളായ സഹൃദയക്കു് പുതിയ ചക്രവാളങ്ങൾ പരിചയപ്പെടുത്തികൊടുക്കാൻ ഈ ശ്രമം ഉപകരിക്കും.

തിരുവങ്കുളം,
1—4—1954.

എന്നു്,
നിങ്ങളുടെ "അനുജൻ"

## അദ്ധ്യായങ്ങളിൽ

ഒന്നു്

"തീവണ്ടിയിലെ യാത്രക്കാരൻ"

രണ്ടു്

"കാഴ്ചയില്ലാത്ത കണ്ണുകൾ"

മൂന്നു്

"ആനന്ദത്തിൻെറ ആത്മാവു്"

[MALAYALAM]

KANNUKAL

(NOVEL)

By:

ANUJAN THIRUVANKULAM M. A.

Copy Right to Publishers.

*Price:* 50 *Paisa*

3rd Edition Copies 2000.

April 1965.

*Published by*

AMINA BOOK STALL,

TRICHUR-1. S. INDIA.

*Printed at:*

AMINA PRINTERS,

TRICHUR.

2553
0824

# കണ്ണുകൾ

## ഒന്നു്

### "തീവണ്ടിയിലെ യാത്രക്കാരൻ"

ഡ്രെസ്ഡൻ വിട്ടു് രണ്ടു് സ്റ്റേഷൻ കഴിഞ്ഞപ്പോഴാണു് വൃദ്ധനായ ഒരു മാന്യൻ ഞങ്ങളിരുന്ന മുറിയിൽ കയറിയതു്. അയാൾ വളരെ മര്യാദയോടെ എല്ലാവരേയും അഭിവാദ്യം ചെയ്തു. പിന്നീട്ട സുപരിചിതനായ ഒരാളെന്നപോലെ എന്റെ നേരെ നോക്കി. തല ഒരിയ്ക്കൽക്കൂടി കുനിച്ചു് വണങ്ങി. ഒററ നോട്ടത്തിൽ എനിയ്ക്കദ്ദേഹത്തെ മനസ്സിലായില്ല. എങ്കിലും, ഒരു മന്ദഹാസത്തോടെ അദ്ദേഹം തന്റെ പേരു് പറഞ്ഞ ഉടനെ ഞാൻ അദ്ദേഹത്തെ ഓർമ്മിച്ചു. ബർലിൻനഗരത്തിലെ സുപ്രസിദ്ധനായ ഒരു കലാവസ്തുവ്യാപാരിയായിരുന്നു അദ്ദേഹം. ലോകമഹായുദ്ധത്തിന്നുമുമ്പു പല തവണയും ഞാൻ അദ്ദേഹത്തിന്റെ അടുക്കൽനിന്നു് പഴയപുസ്തകങ്ങളും കൈപ്പുശേഖരങ്ങളും പരിശോധിയ്ക്കുകയും വാങ്ങുകയും ചെയ്തിട്ടുണ്ടു്. അതിവേഗം ഞങ്ങൾ ചിരപരിചിതരെപ്പോലെ, പല കാര്യങ്ങളെക്കുറിച്ചും സംസാരിച്ചുതുടങ്ങി. പെട്ടെന്നു, എന്തോ ഓർമ്മിച്ചതുപോലെ അയാൾ ഇങ്ങനെ പറഞ്ഞു:— "ഞാൻ ഇപ്പോൾ എവിടെനിന്നാണു്

വരുന്നതു് എന്നു നിങ്ങളോടു് പറയാം. മുപ്പത്തിയേഴു് കൊല്ലങ്ങളായി കലാവസ്തുക്കൾ ഞാൻ കച്ചവടംചെയ്തിട്ടുണ്ടു്. അതിനിടയ്ക്കു് അത്ഭുതകരങ്ങളായ പല അനുഭവങ്ങളും ഉണ്ടായിട്ടുണ്ടു്. ഞാനൊരു കിഴവനാണു്. ഈ ആയുസ്സിനിടയ്ക്കു് എനിയ്ക്കു് അറിയാൻകഴിഞ്ഞ ഏററവും വിചിത്രമായ ഒരനുഭവം! അതു് ഞാൻ നിങ്ങളോടു് പറയാം. യുദ്ധകാലത്തു പണത്തിൻെറ വില കുറഞ്ഞു് കുറഞ്ഞുപോയ കാൎയ്യം നിങ്ങൾക്കറിയാം. പണം ധാരാളം വൎദ്ധിച്ചു. വികസിച്ചുവരുന്ന ഒരു വാതകമെന്നപോലെ വില നേൎത്തുനേൎത്തു കാററിൽ വിലയംപ്രാപിച്ചു. ഗോഥിക സമ്പ്രദായത്തിലുള്ള കന്യാമറിയപ്രതിമകൾ, എ. ഡി. 1500നു് മുമ്പു് അച്ചടിച്ച പുസ്തകങ്ങൾ, പഴയ കൊത്തുചിത്രങ്ങൾ എന്നിവയോടൊക്കെ പുതിയ പണക്കാൎക്കു വലിയ പ്രതിപത്തിയായിരുന്നു. എത്ര എത്ര വിചിത്രവസ്തുക്കൾ കിട്ടിയാലും അവൎക്കു തൃപ്തിയില്ല. എത്രയേറെ വാങ്ങിയാലും അവൎക്കു മതിയാവില്ല. നമ്മുടെ വീട്ടിലുള്ള സാധന സാമഗ്രികൾകൂടി കൌതുകവസ്തുക്കളാണെന്നു തെററിദ്ധരിച്ചു് അവർ തട്ടിക്കൊണ്ടുപോകാതിരിയ്ക്കാൻ വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു, ആളുകളുടെ ഷർട്ടിൽനിന്നു പഴയ ബട്ടണുകളും, മേശപ്പുറത്തു കത്തിക്കൊണ്ടിരിക്കുന്ന വായനവിളക്കുകളും വാങ്ങിയ്ക്കാനാണു് അവൎക്കു അധികം താല്പൎയ്യം. പുതിയപുതിയ 'സാധനങ്ങൾ' ഉണ്ടാക്കാൻ കച്ചവടക്കാർ പ്രയാസപ്പെടുകയാണു്. നമ്മളൊക്കെ ഭയഭക്തിബഹുമാനാദരങ്ങളോടെ മാത്രം സ്മരിയ്ക്കേണ്ട ഈ വസ്തുക്കളെ ഞാൻ വെറുതെ

'സാധനങ്ങൾ' എന്നു് പറഞ്ഞതിൽ നിങ്ങൾ ക്ഷമിക്കണം. പക്ഷെ ഈ ശപിക്കപ്പെട്ട പുതിയ പണക്കാരുടെ വർഗ്ഗം എന്നെ എന്തിനും പരിചയപ്പെടുത്തിക്കഴിഞ്ഞു. വെനീസ്സിൽ നിർമ്മിച്ച അത്ഭുതകരമായ ഒരു പുരാതന പുസ്തകത്തെ ചില ഡോളറുകൾ മാത്രമായും, ഇററാലിയൻ ചിത്രകാരനായ ഗർസിനോവിൻെറ രേഖാചിത്രത്തെ ഒന്നുരണ്ടു് ഫ്രാങ്കു് നോട്ടുകളുടെ മറെറാരു രൂപമായും കണക്കാക്കുവാൻ എനിക്കിന്നു് പ്രയാസമില്ല. പെട്ടെന്നു് ഭ്രാന്തുപിടിച്ചു് സാധനങ്ങൾ വാങ്ങാനായി തിരക്കിക്കയറുന്ന ഇവരെ തടയാൻ ഒരു മാർഗ്ഗവും കാണുന്നില്ല. ഒരിക്കൽ, ഒരൊററ രാത്രികൊണ്ടു് എൻെറ ഷോപ്പിലുള്ള സാധനങ്ങൾ മുഴുവൻ വിററഴിഞ്ഞുവെന്നേ! ഷോപ്പു് പൂട്ടി, കച്ചവടവും നിൎത്തി വല്ലിടത്തും പോയാൽ മതിയെന്നായി എനിക്കു്. എൻെറ മുത്തച്ഛൻ അച്ഛനു് കൊടുത്തതാണു് ആ പീടിക. അച്ഛനിൽനിന്നു് എനിക്കു് കിട്ടി. അതിനാൽ ആ പീടിക ഒഴിഞ്ഞുകിടക്കുന്നതു് കണ്ടപ്പോൾ, യഥാൎത്ഥത്തിൽ ഞാൻ ലജ്ജിച്ചുപോയി. തെരുവുതോറും നടന്നു് പഴയ വസ്ത്രങ്ങൾ വാങ്ങുന്ന വടക്കൻ കച്ചവടക്കാർക്കുടിവലിച്ചെറിയുന്ന സാധനങ്ങൾ മാത്രമേ അപ്പോൾ എൻെറ കച്ചവടപ്പീടികയിലുണ്ടായിരുന്നുള്ള.

ഈ അപകടസന്ധിയിൽ, ഞങ്ങളുടെ പഴയ കണക്കുപുസ്തകം ഒന്നു പരിശോധിക്കുവാൻ എനിക്കുതോന്നി. എൻെറ കയ്യിൽനിന്നു ചിത്രങ്ങളും മററും പണ്ടു വാങ്ങിയ വല്ലവരും ഇപ്പോൾ വില്ക്കാൻ തയ്യാറുണ്ടെങ്കിലോ?

ഒരു പക്ഷെ കുറെ നല്ല ചിത്രങ്ങളുടെ പകർപ്പുകളെങ്കിലും കിട്ടിയാൽ ഭാഗ്യമായി.

ഒരു പഴയ കണക്കുപുസ്തകമെന്നു പറഞ്ഞാൽ ഒരു തരം ശ്മശാനമാണു്; ഇക്കാലത്തു പ്രത്യേകിച്ചു ആ പുസ്തകങ്ങൾ പരിശോധിച്ചതുകൊണ്ടു് എനിക്കു ഒരു പ്രയോജനവുമുണ്ടായിട്ടില്ല. പഴയ ഇടപാടുകാരിൽ മിക്കവരും തങ്ങൾ വാങ്ങിയ സാധനങ്ങൾ ഇക്കാലത്തിന്നിടയിൽ കൂടിയ വിലയ്ക്കു് വിററുകാണും. അല്ലെങ്കിൽ അവർ മരിച്ചുപോയിരിക്കാം. ബാക്കിയുള്ള കുറച്ചുപേരിൽ നിന്നു് എന്തു് കിട്ടുവാനാണു്?

എങ്കിലും ഞങ്ങളുടെ ഏററവും പഴയ ഇടപാടുകാരിലൊരാളുടെ എഴുത്തുകളുടെ കെട്ടു് പരിശോധനക്കിടയിൽ എനിക്കു് കിട്ടി. ആ എഴുത്തുകൾ കണ്ടപ്പോഴാണു് ഞാൻ മറന്നുപോയിരുന്ന ആ ആളെ ഓർമ്മിച്ചതു്. അതിനു് കാരണമുണ്ടു്. 1914ൽ ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതുമുതൽ, അദ്ദേഹം ഞങ്ങളുടെ അടുക്കൽനിന്നു് ചിത്രങ്ങൾ വാങ്ങുകയോ, എന്തെങ്കിലും ആവശ്യപ്പെടുകയൊ ഉണ്ടായിട്ടില്ല. ഈ ആളുമായുള്ള ഇടപാടു് ഏതാണ്ടറുപതുകൊല്ലം പുറകോട്ടു പോയിരുന്നു. അദ്ദേഹം എന്നോടും, എൻെറ അച്ഛനോടും മുത്തച്ഛനോടും ചിത്രങ്ങൾ വാങ്ങിച്ചിരുന്നു. എന്നാലും ഞാനുമായി കച്ചവടം നടത്തിയ 37 കൊല്ലങ്ങളിൽ ഒരിയ്ക്കലെങ്കിലും അയാളെ കണ്ടതായി എനിക്കു് ഓർമ്മ തോന്നിയില്ല. ആകെക്കൂടി എൻെറ ഊഹം ഇതായി

രുന്നു:—അസാധാരണക്കാരനും, ആഹ്ലാദശീലനും, യാഥാസ്ഥിതികനുമായ ഒരു മനുഷ്യൻ; കത്തുകളിൽനിന്നും ഇത്രയുമാണു് മനസ്സിലാകുന്നതു്. സുപ്രസിദ്ധചിത്രകാരന്മാരെപ്പോലെ കലാകുതുകികളായ പല ജമ്മൻകാരും, നാം മറന്നുകഴിഞ്ഞുവെങ്കിലും നമ്മുടെ കൂട്ടത്തിൽ ജീവിച്ചു് പോരുന്നുണ്ടല്ലൊ. അപൂർവ്വമായിട്ടാണെങ്കിലും, പ്രാചീന അവശിഷ്ടങ്ങൾപോലെ കൊച്ചുകൊച്ചു നഗരങ്ങളിൽ അവരെ കാണാതിരിക്കയില്ല. അദ്ദേഹത്തിൻെറ എഴുത്തുകൾ മനോഹരമായ കയ്യെഴുത്തുകലയുടെ മാതൃകകളായിരുന്നു. വൃത്തിയും, ഭംഗിയുമുള്ള ചെറിയ അക്ഷരങ്ങളിലാണു് എഴുതപ്പെട്ടിരുന്നതു്. ആവശ്യമുള്ള സാധനങ്ങളെ കുറിക്കുന്ന ഭാഗത്തു് എല്ലാം അദ്ദേഹം ചുവന്ന മഷികൊണ്ടു് വരയിട്ടിരുന്നു. കണക്കിൽ യാതൊരു തെററും പററാതിരിക്കാൻ സംഖ്യകളെല്ലാം അദ്ദേഹം രണ്ടു പ്രാവശ്യം എടുത്തു് എഴുതിയിരുന്നു. ഈ വസ്തുതകളും, കത്തെഴുതാൻ അദ്ദേഹം പുസ്തകത്തിൽനിന്നു വലിച്ചു കീറിയ കടലാസ്സുമാത്രമെ ഉപയോഗിച്ചുള്ളുവെന്നതു് കാണിച്ചതു് അദ്ദേഹം ഒരു അറുപിശുക്കനാണെന്നാണു്. അദ്ദേഹത്തിന്നു മറെറാരു പ്രത്യേകതകൂടി ഉണ്ടായിരുന്നു. അതു് അദ്ദേഹം ഒരിക്കൽ ഉപയോഗിച്ച എഴുത്തുകൂടുകൾ വീണ്ടും ഉപയോഗിച്ചിരുന്നുവെന്നുള്ളതാണു്. ഇത്തരം അസാധാരണമായ എഴുത്തുകൾക്കു കീഴിൽ അദ്ദേഹത്തിൻെറ മുഴവൻ പേരും, സ്ഥാനമാനങ്ങൾ എല്ലാം പ്രത്യേകിച്ചും എല്ലായ്പോഴും എഴുതിയിരുന്നു. അദ്ദേഹത്തിൻെറ ഔദ്യോ

ഗികമായ സ്ഥാനമാനങ്ങൾ ഇവയായിരുന്നു; ഉദ്യോഗത്തിൽനിന്നു പിരിഞ്ഞ വനകൃഷിവിഭാഗോപദേഷ്ടാവ്, ലഫ്ററനൻറ്, ഒന്നാംക്ലാസ്സ് ഇരിമ്പു കുരിശുനേടിയിട്ടുള്ള ആൾ, 1870_1871 ലെ യുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തിട്ടുള്ളതുകൊണ്ടു്, മിക്കവാറും ഇപ്പോൾ അദ്ദേഹത്തിന്നു് എണ്പതു വയസ്സെങ്കിലും ആയിരിക്കണം. വിനോദശീലനും, സുസ്മേരവദനനുമായ ആ പിശുക്കൻ കൊത്തുചിത്രങ്ങിൽ അനിതരസാധാരണമായ സാമത്ഥ്യം പ്രദശിപ്പിച്ചിരുന്നു. മാത്രമല്ല ചിത്രങ്ങളെക്കുറിച്ചു് അദ്ദേഹത്തിനു് അതിശയകരമായ അറിവും, അത്യന്തമായ അഭിരുചിയും ഉണ്ടായിരുന്നു. ഏകദേശം അറുപതു വഷങ്ങൾക്കിടയിൽ ചിതറിക്കിടന്ന അദ്ദേഹത്തിൻെറ കത്തുകളെല്ലാം ഞാൻ തിരഞ്ഞെടുത്തു് ഒരുമിച്ചുചേത്തു. അവയിൽ ആദ്യത്തിലേതിലെല്ലാം വില കുറിച്ചിട്ടുള്ളതു വെള്ളി ഗ്രോഷൺ നാണയങ്ങളായിട്ടാണു്. ഒരു താലെറിന്നു് അന്നൊക്കെ അറുപതു മനോഹരമായ മരക്കൊത്തു ചിത്രങ്ങൾ വാങ്ങാൻ കഴിഞ്ഞിരുന്നു. അക്കാലത്തെല്ലാം ഒരു ചെറിയ സംസ്ഥാനവാസിയായ ഈ മനുഷ്യൻ വളരെയേറെ വിശിഷ്ടചിത്രങ്ങൾ ശേഖരിച്ചിട്ടുണ്ടായിരിക്കണമെന്നു് അയാളുടെ കത്തുകളിൽ ഒന്നു് കണ്ണോടിച്ചതോടെ എനിക്കു് മനസ്സിലായി. അവയെല്ലാം ലഭിച്ചിരുന്നെങ്കിൽ ഇക്കാലത്തു് വിലയേറിയ ചിത്രസമാഹാരങ്ങളേക്കാൾ എത്രയോ അമൂല്യങ്ങളാകുമായിരുന്നു! അര ശതാബ്ദകാലത്തിന്നിടക്കു് കേവലം നിസ്സാരമായ മാക്കും ഫെ

നിന്നും കണക്കു് പറഞ്ഞു് അദ്ദേഹം വാങ്ങിയ ചിത്രങ്ങ ളുടെ ഇപ്പോഴത്തെ വിലയെക്കുറിച്ചു് ചിന്തിച്ചാൽ പോലും തല കറങ്ങിപ്പോകുമായിരുന്നു. ഇതുകൂടാതെ അ ദ്ദേഹം മററു വ്യാപാരികളിൽനിന്നും, ലേലം വിളിച്ചും ധാരാളം ലാഭകച്ചവടങ്ങൾ നടത്തിയിരിക്കണം. 1914 ന് ശേഷം അദ്ദേഹത്തിൻെറ ഒരൊററ ഓഡർപോലും ഞങ്ങൾക്കു ലഭിച്ചിരുന്നില്ല. എങ്കിലും ആ ചിത്രസമാ ഹാരം ലേലം വിളിക്കുകയോ, മററു് ആരെങ്കിലും വാങ്ങു കയോ ചെയ്തിരുന്നെങ്കിൽ ഞാൻ അറിയാതിരിക്കയില്ല. കലാവസ്തു സംബന്ധിച്ചു് എല്ലാ കച്ചവടങ്ങളെക്കുറിച്ചും അറിവു് ലഭിച്ചിരുന്ന എനിക്കു് ഇക്കാര്യം നിശ്ചയമാ യിരുന്നു. അതിനാൽ ഈ അത്ഭുതമനുഷ്യൻ ഇപ്പോഴും ജീവിച്ചിരിയ്ക്കുന്നുണ്ടാവണം. അല്ലെങ്കിൽ അദ്ദേഹ ത്തിൻെറ അനന്തരാവകാശികൾ ആ ചിത്രങ്ങളെല്ലാ കയ്യടക്കിയിരിക്കണം.

ആകപ്പാടെ ഇക്കാര്യം ശ്രദ്ധേയവും രസമുള്ളതുമാ ണെന്നു് എനിക്കു് തോന്നി. അടുത്ത ദിവസം തന്നെ, അതു് ഇന്നലെയാണു്; ഞാൻ അവിടേയ്ക്കു് പുറപ്പെട്ടു. സാക്സണിയുടെ ഏതോ മൂലയിലുള്ള ഒരു നഗരമായി രുന്നു സ്ഥലം. അങ്ങിനെ അവിടത്തെ ചെറിയ തീവ ണ്ടിസ്റ്റേഷനിലിറങ്ങി പ്രധാന തെരുവിലൂടെ ഞാൻ നടക്കുകയായി. വൃത്തികെട്ട വീടുകളിൽ കീഴിടത്തര ക്കാർ തിങ്ങി പാക്കുന്ന ഒരു സ്ഥലം. ഇത്തരം ഒരു സ്ഥ ലത്തു് അതിശയകരങ്ങളായ റെംബ്രാണ്ടിൻെറ ചിത്ര ങ്ങളും, അമൂല്യമായ ഡ്യൂററുടെയും, മാൻതെഗ്നയു

ടേയും കൊത്തുചിത്രങ്ങളും കൈവശം വെച്ചുകൊണ്ട് ജീവിക്കുക അസാദ്ധ്യമാണ് എന്ന് എനിക്ക് തോന്നി. ആ പേരിൽ ഒരാൾ അവിടെയെങ്ങും താമസിക്കുന്നുണ്ടോ എന്ന് ഞാൻ അന്വേഷിച്ചു. തപാലാപ്പീസിൽ നിന്ന് ആ മനുഷ്യൻ ഇപ്പോഴും ജീവിച്ചിരിയ്ക്കുന്നുണ്ട് എന്ന വിവരം എനിക്ക് ലഭിച്ചു. ഞാൻ അത്ഭുതസ്ഥിമിതനായിപ്പോയി. ഉച്ചക്ക് മുമ്പ്തന്നെ ഞാൻ അദ്ദേഹത്തിൻെറ ഭവനത്തിലേക്ക് തിരിച്ചു. പരമാത്ഥം പറയാമല്ലോ; എൻെറ ഹൃദയമപ്പോൾ കൂടെക്കൂടെ മിടിക്കുന്നുണ്ടായിരുന്നു.

അദ്ദേഹത്തിൻെറ വീട്ട് കണ്ട് പിടിക്കുവാൻ എനിയ്ക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടായില്ല. കഴിഞ്ഞ നൂററാണ്ടിൻെറ അന്ത്യഭാഗത്തിൽ കച്ചവടക്കണ്ണുള്ള ഏതോ വീട്ടുമുതലാളി വാരിപ്പിടിച്ച് പണിതതാണെന്നു തോന്നുന്ന ഒരുതരം ദ്യുതിപിടിച്ച ദാരിദ്ര്യം ആ വീടുകളിൽ കാണാമായിരുന്നു. അത്തരം ഒരു വീടിൻെറ രണ്ടാം നിലയിലായിരുന്നു അദ്ദേഹത്തിൻെറ താമസം. ഒന്നാം നിലയിൽ സമത്ഥനായ ഒരു തുന്നൽക്കാരനാണ് താമസിച്ചിരുന്നത്. രണ്ടാം നിലയിൽത്തന്നെ ഇടത്തുവശത്തായി തപാൽ ആപ്പീസിലെ ഒരു ക്ലാക്കിൻെറ പേർ എഴുതിയ ബോർഡ് തിളങ്ങുന്നുണ്ടായിരുന്നു. വലത്തുവശത്തായിരുന്നു 'വനകൃഷിവിഭാഗോപദേഷ്ടാവിൻെറ' പേർ കുറിച്ചിരുന്ന ഒരു കളിമൺ പലക തൂക്കിയിട്ടിരുന്നത്. ഞാൻ സംശയിച്ചു സംശയിച്ചു വാതില്ക്കൽ ഉറപ്പിച്ചിരുന്ന മണിയടിച്ചു. തലമുഴവൻ

നരച്ച്, കറുത്ത് ഭംഗിയുള്ള ഒരു ചെറിയ തൊപ്പിയും ധരിച്ച ഒരു വൃദ്ധയാണ് വാതിൽ തുറന്നത്. എന്റെ സന്ദർശനകാർഡ് ഞാൻ അവരുടെ കയ്യിൽ കൊടുത്തു എന്നിട്ട് അദ്ദേഹത്തെ കാണാൻ സാധിക്കുമൊ എന്ന് ഞാൻ ചോദിച്ചു. ആദ്യം ഒരാശ്ചര്യത്തോടെ പിന്നെ ഒരവിശ്വാസത്തോടെ അവർ എന്റെ നേരെയും ഞാൻ കൊടുത്ത കാർഡിലും മാറി മാറി നോക്കി. ലോകരെല്ലാം ഉപേക്ഷിച്ച ഈ കൊച്ചു പട്ടണത്തിൽ പഴഞ്ചൻ മാതൃകയിലുള്ള ഈ വീട്ടിൽ, വലിയ നഗരത്തിൽ നിന്ന് ഒരാൾ വരിക കേവലം അസാധാരണമാണെന്ന് തോന്നും ആ നോട്ടം കണ്ടാൽ. എങ്കിലും അവർ കാർഡ് വാങ്ങിച്ചിട്ട്, എന്നോട് അവിടത്തന്നെ ഇരിക്കുവാൻ അപേക്ഷിച്ചു. എന്നിട്ട് അകത്തേക്ക്പോയി. അകത്ത് അവർ മന്ദസ്വരത്തിൽ ആരോടൊ മന്ത്രിക്കുന്നത് ഞാൻ കേട്ടു. പെട്ടെന്ന് ഒരു പുരുഷന്റെ ഉച്ചത്തിലുള്ള പരുക്കൻ ശബ്ദം കേട്ടു. “ഹെ! ഹെ! ബർലിനിൽ നിന്നോ; കലാവസ്തു വ്യാപാരശാലയിൽ നിന്നോ? വരട്ടെ!! ഉടനെ അകത്തേയ്ക്കു വരാൻ പറയൂ.” ഉടൻ തന്നെ വൃദ്ധയായ ആ അമ്മ പിന്നേയും പുറത്തേയ്ക്കു വന്ന് ‘അകത്തേയ്ക്കു വരുവാൻ എന്നെ ക്ഷണിച്ചു.

## രണ്ടു്

## "കാഴ്ചയില്ലാത്ത കണ്ണുകൾ"

പുറംകോട്ടു് ഊരി വെച്ചു്, ഞാൻ അവരെ അനുഗമിച്ചു.

അനാഡംബരമായ ആ മുറിയുടെ ഒത്തനടുക്കു് വൃദ്ധനെങ്കിലും ആരോഗ്യദൃഢഗാത്രനായ ഒരു മനുഷ്യൻ എഴുന്നേററു് നില്ക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിൻെറ താടിയും മീശയുമെല്ലാം കാടുകേറിയിരുന്നു. ചരടു വെച്ചു് പിടിച്ച ഒരൎദ്ധസൈനിക കുപ്പായമാണു് അദ്ദേഹം ധരിച്ചിരുന്നതു്. ഹാൎദ്ദവമായ സ്വീകരണത്തിൻെറ അടയാളമെന്നോണം ഇരുകൈകളും അദ്ദേഹം എൻെറ നേരെ നീട്ടിപ്പിടിച്ചിരുന്നു. എന്നാൽ അദ്ദേഹം മരവിച്ചു പോയതുപോലെ നിന്നനില്പിൽതന്നെ നില്ക്കുകയായിരുന്നു. സ്വാഭാവികവും, തെററിദ്ധരിക്കാൻ ആവാത്തതുമായ ആദ്യത്തെ സ്വീകരണത്തിൻെറ മുമ്പിൽ ഈ നില്പു് കടകവിരുദ്ധമായി തോന്നി. അദ്ദേഹം എൻെറ അടുക്കലേക്കു് ഒരടിപോലും നീങ്ങിയില്ല. അനല്പമായ ആശ്ചൎയ്യത്തോടെ അദ്ദേഹത്തിൻെറ കൈകൾ പിടിക്കുവാൻ ഞാൻതന്നെ മുമ്പോട്ടു് ചെന്നു. എന്നിട്ടും അദ്ദേഹം ഇളകിയില്ല. ഞാൻ അദ്ദേഹത്തിൻെറ കൈപിടിക്കാൻ ഭാവിക്കുമ്പോൾകൂടി അദ്ദേഹത്തിൻെറ കൈകൾക്കു് ഉണ്ടായിരുന്ന അചഞ്ചലമായ അവസ്ഥയിൽ

നിന്നും, അദ്ദേഹം എന്നെ അന്വേഷിക്കുകയല്ല, പ്രതീക്ഷിക്കുകയാണു് ചെയ്യുന്നതു് എന്നു് ഞാൻ മനസ്സിലാക്കി. അടുത്ത നിമിഷം എനിക്കു് കാര്യം മനസ്സിലായി. അദ്ദേഹം ഒരന്ധനായിരുന്നു!

ബാല്യകാലംമുതല്ക്കേ എന്തുകൊണ്ടോ ഒരന്ധന്റെ സാന്നിദ്ധ്യം എനിക്കു് അസുഖകരമായിരുന്നു. ഒരു മനുഷ്യനെപ്പററി സജീവമായ ബോധം നമുക്കു ഉണ്ടായിരിക്കുക; അതേ സമയം തന്നെ നമ്മെക്കുറിച്ചു് ഒന്നും തന്നെ അയാൾ അറിയുന്നില്ലെന്നു് മനസ്സിലാക്കുക. പരസ്പരവിരുദ്ധമായ ഈ അവസ്ഥ എല്ലായ്പോഴും എന്നിൽ എന്തെന്നില്ലാത്ത ഒരമ്പരപ്പും, അനിശ്ചിതമായ ഒരു ലജ്ജാബോധവും ജനിപ്പിക്കുക പതിവായിരുന്നു.

ആ വൃദ്ധന്റെ നരച്ച കുററിപ്പുരികങ്ങൾക്കു് താഴെ ശൂന്യമായി തുറിച്ചു് മരവിച്ചു് നിന്ന കണ്ണുകളിലേക്കു് നോക്കിയപ്പോൾ എനിക്കു് അല്പം ഭയവും തോന്നി. എന്നാൽ ആ അന്ധൻ അധികനേരം അങ്ങിനെ അമ്പരന്നു് നില്ക്കുവാൻ എന്നെ അനുവദിച്ചില്ല. എന്റെ കൈ അദ്ദേഹത്തിന്റെ കൈകളെ തൊട്ട ഉടനെ അദ്ദേഹം അതു് പിടിച്ചു് കുലുക്കുകയും, സന്തോഷകരവും മുഴക്കമുള്ളതുമായ സ്വരത്തിൽ എന്നെ അഭിവാദ്യം ചെയ്യുകയും ചെയ്തു.

"ഇന്നൊരപൂർവ്വദിവസം തന്നെ!"

അദ്ദേഹം എൻെറ നേരെ നോക്കി മതിമറന്നു കൊണ്ടു് തുടന്നു:—

"യഥാൎത്ഥത്തിൽ ഇതൊരതിശയം തന്നെയാണു്! ബർലിൻനഗരത്തിലെ മാന്യമഹാന്മാരിലൊരാൾ വഴി തെററി വല്ലപ്പോഴും ഞങ്ങളുടെ വീട്ടിൽ വന്നു് കയറുന്ന തു്........പക്ഷെ, സുപ്രസിദ്ധനായ ഒരു വ്യാപാരി യാത്ര തുടങ്ങിയാൽ, ഉടനെ ഞങ്ങളെപ്പോലെ കൊച്ചു നഗരങ്ങ ളിൽ അധിവസിയ്ക്കുന്നവർ വളരെ സൂക്ഷിക്കണം. ഞങ്ങ ളുടെ ഇടയിൽ ഇങ്ങിനെ ഒരു ചൊല്ലു് നടപ്പുണ്ടു്. "ജി പ്സികൾ പുറത്തേക്കിറങ്ങിയാൽ ഉടനെ, വീടിൻെറ വാ തിലുകളും, മടിശ്ശീലക്കു് കെട്ടുകെട്ടുകയും ഭദ്രമാക്കണം........" എനിയ്ക്കു് ഇപ്പോൾതന്നെ മനസ്സിലായിക്കഴിഞ്ഞു, നി ങ്ങൾ എന്നെ അന്വേഷിച്ചു് വന്നതെന്തിനെന്നു്! ന മ്മുടെ ദാരിദ്ര്യം പിടിച്ച ജമ്മനിയിൽ കച്ചവടം ഇ പ്പോൾ മഹാമോശമാണു്. ആരുമാരും ചിത്രങ്ങൾ വാ ങ്ങുന്നില്ല. അപ്പോൾ വലിയ വ്യാപാരികൾ പഴയ ക ക്ഷികളെ ഓൎമ്മിച്ചു തുടങ്ങി. പക്ഷെ, ഞാൻ ഭയപ്പെ ടുന്നു, എന്നെക്കൊണ്ടു് നിങ്ങൾക്കു് യാതൊരു ഗുണവും ഉണ്ടാവുകയില്ലെന്നു്. പാവപ്പെട്ട കിഴവൻ പെൻഷൻ കാരനായ ഞങ്ങൾക്കു് ഒരു നേരത്തെ ആഹാരത്തിനു് വേണ്ടി ഒരു കഷണം റൊട്ടി സമ്പാദിക്കുവാൻ സാധി ച്ചാൽതന്നെ അതുകൊണ്ടു് സംതൃപ്തിയടയണം. ഈയി ടെയായി നിങ്ങൾ നിശ്ചയിക്കുന്ന ഭ്രാന്തു് പിടിച്ച വ ലിയ വിലകൾ കൊടുത്തു് ചിത്രങ്ങൾ വാങ്ങാൻ ഞങ്ങ ൾക്കിനി സാദ്ധ്യമല്ല. ഞങ്ങളെപ്പോലുള്ളവരെ ഇനിയ ങ്ങോട്ടു് കാണുമെന്നു കരുതേണ്ട."

ഞാൻ ഉടൻ തന്നെ അദ്ദേഹത്തിൻെറ തെററിദ്ധാരണ നീക്കി. അദ്ദേഹം എന്നെ തെററിദ്ധരിച്ചതാണ്. എന്തെങ്കിലും ചിത്രങ്ങൾ വില്ക്കാൻ വേണ്ടിയല്ല ഞാൻ വന്നിട്ടുള്ളതു്. അടുത്ത ഒരു സ്ഥലത്തേക്കായി വന്നതാണ് ഞാൻ. അപ്പോഴാണ് ഞങ്ങളുടെ ഏററവും പഴയ കക്ഷിയും, ജമ്മനിലെ ഏററവും വലിയ ചിത്രസംഗ്രാഹനമായ അദ്ദേഹത്തെ ഓമ്മിച്ചതു്. ഒന്നു് കണ്ടു് അഭിനന്ദനങ്ങൾ നല്കുവാനുള്ള അവസരം ഞാൻ പാഴാക്കിയില്ലെന്നേയുള്ളു 'ജമ്മനിലെ ഏററവും വലിയചിത്ര സംഗ്രാഹകൻ പറഞ്ഞ ഉടനെ ആ വൃദ്ധൻെറ മുഖത്തു് അസാധാരണമായ ഒരു പരിവത്തനമുണ്ടായി. അപ്പോഴും ആദ്ദേഹം മുറിയുടെ നടുവിൽ മരിച്ചുപോയ പോലെ നിശ്ചലനായി നില്ക്കുകയായിരുന്നു. പക്ഷെ സന്തോഷത്തിൻേറയും ആഴമുള്ള അഭിമാനത്തിൻേറയും പ്രത്യക്ഷ അടയാളങ്ങൾ അയാളിൽ ഉടനീളം തെളിഞ്ഞു വിളങ്ങി. തൻെറ ഭാൎയ്യ നിന്നിരുന്നുവെന്നു് താൻ സങ്കല്പിച്ചിരുന്ന ഭാഗത്തേയ്ക്കു് തിരിഞ്ഞു്; "നീ കേൾക്കുന്നുണ്ടോ?" എന്നു് ചോദിയ്ക്കുവാൻ അദ്ദേഹം ഭാവിക്കുകയാണെന്നു് തോന്നി. ഇതുവരെ അദ്ദേഹത്തിന്റെ സംസാരത്തിൽ പ്രതിഫലിച്ചിരുന്ന പട്ടാളക്കാരൻെറ പരുക്കൻ സ്വരം പോലും അപ്രത്യക്ഷമായി. ആനന്ദം നിറഞ്ഞു് വിതുമ്പുന്ന ശബ്ദത്തിൽ, മൃദുലവും നേമ്മയുള്ളതുമായ സ്വരത്തിൽ അദ്ദേഹം എന്നോടു് സംസാരിക്കുവാൻ തുടങ്ങി.

"നിങ്ങൾ വന്നതു് വളരെ നന്നായി. എങ്കിലും നിങ്ങൾ വന്നതു് വെറുതെയായാൽ എനിക്കാണു് അതിൽ വിഷമം. പ്രതാപം നിറഞ്ഞ ബർലിനിൽപോലും നിങ്ങൾക്കു് എല്ലാ ദിവസവും കാണാൻ കഴിയാത്ത അപൂർവ്വവസ്തുക്കളെ ഞാൻ നിങ്ങളെ കാണിച്ചുതരാം. 'ആൽബർന'യിലൊ, ഈശ്വരൻ ശപിച്ച പാരിസ്സിൽ പോലുമോ ഇതിലും മനോഹരമായ ചിത്രങ്ങൾ നിങ്ങൾക്കു് കാണാൻ സാധിക്കുകയില്ല. എന്തായാലും, ഒരാൾ അറുപതു് വഷത്തോളം ചിത്രങ്ങൾ ശേഖരിക്കൽ തന്നെ തൊഴിലാക്കിയിരിക്കുമ്പോൾ, വെറുതെ വഴിയിലൊന്നും കിടന്നു് കിട്ടാത്ത പലതും അയാളുടെ കയ്യിൽ വന്നു് ചേരുമല്ലോ. ലൂയാഡി, ആ അലമാരിയുടെ താക്കോലൊന്നു് തരൂ!"

ഇതിനിടക്കു്, അത്ഭുതകരമായ ഒരു സംഭവം നടന്നു. ഇത്രയുംനേരം ആ അമ്മ അദ്ദേഹത്തിൻെറ അടുത്തു നിന്നു് പുഞ്ചിരിച്ചുകൊണ്ടു്, മര്യാദയോടെ, ഞങ്ങളുടെ സംഭാഷണത്തിൽ പങ്കെടുക്കുകയായിരുന്നു. പെട്ടെന്നു് അവർ എൻെറ നേരെ നോക്കി എന്തോ അഭ്യർത്ഥിക്കുന്നതുപോലെ ഇരുകരങ്ങളും ഉയർത്തി. അതോടൊപ്പം നിഷേധാർത്ഥത്തിൽ തല കുലുക്കുകയും ചെയ്തു. ആദ്യം ഈ ആംഗ്യങ്ങളുടെ അർത്ഥം എനിക്കു് ഒരു കടംകഥയായിരുന്നു.

പിന്നീടു് അവർ ഭർത്താവിൻെറ അരികിലേക്കു് ചെന്നു ഇരുകരങ്ങളും അദ്ദേഹത്തിൻെറ ചുമലിൽ അണച്ചു.

"പക്ഷെ, ഫ്രാൻസ്," അവരം ഓർമ്മപ്പെടുത്തി; "ചിത്രങ്ങരം കാണ്ണാൻ ആ മാന്യന് ഇപ്പോരം സമയമുണ്ടാകുമോ എന്നു കൂടി അങ്ങ് അന്വേഷിച്ചില്ലല്ലോ? ഉച്ചഭക്ഷണത്തിന് സമയമായി. ഭക്ഷണത്തിനുശേഷം എങ്ങിനെയായാലും അങ്ങ് കുറച്ച് വിശ്രമിക്കണം. ഡോക്ടർ അതു് പ്രത്യേകം പറഞ്ഞിട്ടുണ്ടു്. ആഹാരം കഴിച്ചതിന് ശേഷം ഈ മാന്യനെ എല്ലാ ചിത്രങ്ങളും കാണിക്കുന്നതല്ലേ നല്ലതു്? പിന്നെ നമുക്കെല്ലാം ഒരുമിച്ച് കാപ്പി കുടിക്കുകയും ചെയ്യാം. അപ്പോഴേയ്ക്കും അന്നാമറിയ ഇവിടെ വരും. അവരംക്ക് ചിത്രങ്ങളെല്ലാം നല്ലനിശ്ചയമുണ്ടു്. നിങ്ങളെ സഹായിയ്ക്കാനും അവരംക്ക് സാധിക്കും."

ഈ വാക്കുകരം പറഞ്ഞു തീർത്ത ഉടനെ, അവരം അല്പംപോലും സംശയിക്കാത്ത ആ വൃദ്ധൻെറ പുറകിൽ നിന്നുകൊണ്ടു്, ആ പഴയ ആംഗ്യം ഒന്നുകൂടി ആവത്തിച്ചു. ഇത്തവണ എനിയ്ക്കതിൻെറ അത്ഥം മനസ്സിലായി. ചിത്രങ്ങരം കാണ്മാൻ അപ്പോരം എനിക്ക് സമയമില്ലെന്നു് ഞാൻ പറയണമെന്നായിരുന്നു അതിൻെറ അത്ഥം. ഉച്ചഭക്ഷണത്തിന്നു് മററൊരാരം എന്നെ ക്ഷണിച്ചിട്ടുണ്ടെന്നു് ഞാൻ ഒരു നുണ പറഞ്ഞു. അദ്ദേഹത്തിൻെറ ചിത്രശേഖരണം കാണുവാൻ എനിയ്ക്കു് വലിയ ആഗ്രഹമുണ്ടു്. പക്ഷെ, മൂന്നുമണിക്ക് മുമ്പ് എനിക്ക് അതിന് സൌകര്യമുണ്ടാവുകയില്ലെന്നു് തോന്നുന്നു. അപ്പോരം എങ്ങിനെയെങ്കിലും ഞാൻ അതിന്നു വേണ്ടി തിരികെ വന്നുകൊള്ളാം. ആറുമണിയ്ക്കു്

മാത്രമേ ഞാൻ മടങ്ങുന്നുള്ളു. അപ്പോൾ ചിത്രങ്ങൾ കാ ണാൻ ധാരാളം സമയമുണ്ടല്ലൊ?" ഒരു തരത്തിൽ ഞാൻ അദ്ദേഹത്തെ പറഞ്ഞു് സമ്മതിപ്പിച്ചു.

തനിക്കേററവും പ്രിയംകരമായ ഒരു കളിപ്പാവ മ ററൊരാൾ കടന്നെടുക്കുമ്പോൾ ഒരു ചെറുകുട്ടിയെന്ന പോലെ ആ വൃദ്ധൻ കോപത്തോടെ തലതിരിച്ചു. എ ന്നിട്ടു് അദ്ദേഹം മുറുമുറുത്തു:—

"അതെ, അതെ! എനിയ്ക്കറിയാം, ബർലിനിലെ മഹാന്മാർക്കു് ഒന്നിന്നുമില്ല സമയം. എന്നാലും ഇപ്രാ വശ്യം നിങ്ങൾ എനിയ്ക്കുവേണ്ടി കുറച്ചു് സമയമുണ്ടാ ക്കണം. കാരണം, ഒന്നും രണ്ടും ചിത്രങ്ങളല്ല ഇവിടെയു ള്ളതു്. 27 അൽബങ്ങൾ ഉണ്ടു് ഇവിടെ. അവയോ രോന്നും ഓരോ സുപ്രസിദ്ധ കലാകാരന്മാരുടെ ചിത്ര ങ്ങൾ മാത്രം ചേർത്തുണ്ടാക്കിയവയാണു്. അവയെല്ലാം ചിത്രങ്ങൾകൊണ്ടു് നിറഞ്ഞിരിക്കുകയാണു്. അതു കൊണ്ടു് കേട്ടോ, മൂന്നുമണിയ്ക്കു്! പക്ഷെ, കൃത്യസമയ ത്തിന്നു് തന്നെ വരണം. അല്ലെങ്കിൽ ചിത്രങ്ങൾ മുഴു വൻ കാണാൻ നമുക്കു് സാധിയ്ക്കയില്ല."

വീണ്ടും അദ്ദേഹം എനിയ്ക്കു് നേരെ ശൂന്യതയി ലേക്കു് കൈനീട്ടി. ഒരിക്കൽക്കൂടി ബലമായി അദ്ദേഹം എന്റെ കൈപിടിച്ചു് കുലുക്കി.

അദ്ദേഹത്തിന്റെ ഭാര്യ വാതില്ക്കലോളം എന്നെ അനുഗമിച്ചു. അവർക്കു് എന്തോ ഭയമോ, പരിഭ്രമമോ ഉള്ളതുപോലെ കാണപ്പെട്ടു. പുറത്തെ ഹാളിൽ എ ത്തിയ ഉടനെ സ്വരം തീരെ താഴ്ത്തി അവൾ പിറു പിറുത്തു:—

"നിങ്ങൾ, നിങ്ങൾ ഇങ്ങോട്ടു് തിരികെ വരുമ്പോൾ എന്റെ മകൾ അന്ന മറിയയെ കൂട്ടിക്കൊണ്ടു് വരാമോ? പലതുകൊണ്ടും അതാണു് നല്ലതു്! നിങ്ങൾ ഭക്ഷണം കഴിയ്ക്കുന്നതു് ഹോട്ടലിലായിരിക്കും അല്ലേ?"

"നിശ്ചയമായും, നിങ്ങൾ പറഞ്ഞതനുസരിച്ചു് ഞാൻ പ്രവർത്തിയ്ക്കാം. അതു് എനിയ്ക്കു് ഏററവും സന്തോഷമാണു്" ഞാൻ പറഞ്ഞു.

ഒരു മണിക്കൂറിനു് ശേഷമാണു്. "സ്വർണ്ണമാൻ" അടയാളമുള്ള ഹോട്ടലിലെ അതിഥി മുറിയിൽ വെച്ചു് ഞാൻ ഉച്ചഭക്ഷണം കഴിഞ്ഞു. ഉടനെ ലളിതവസ്ത്രങ്ങൾ ധരിച്ച ഒരു യുവതി അന്വേഷിക്കുന്ന കണ്ണുകളോടെ അകത്തേയ്ക്കു് കടന്നുവന്നു. ഞാൻ അവളുടെ അടുത്തേക്കു് ചെന്നു. ചിത്രങ്ങൾ കാണുവാൻ അവളുടെ വീട്ടിലേക്കു് ഉടനെത്തന്നെ വരുവാൻ തയ്യാറാണെന്നു് ഞാൻ അവളെ അറിയിച്ചു. പക്ഷെ, അവൾ സംശയിച്ചു് നിന്നു. അവളുടെ അമ്മ പ്രദർശിപ്പിച്ച അതേ പരിഭ്രമത്തോടുകൂടി! പോകുന്നതിന്നുമുമ്പു് എന്നോടു് ചിലതെല്ലാം പറയാനുണ്ടെന്നു് അവൾ പറഞ്ഞു. ഓരോ തവണയും അവൾ സംസാരിയ്ക്കാൻ ശ്രമിക്കുമ്പോഴെല്ലാം നിയന്ത്രിക്കാൻ അസാദ്ധ്യമായ പരിഭ്രമം അവളെ പിടിച്ചുലയ്ക്കുന്നതുപോലെ തോന്നി. അവളുടെ കൈകളും ചുണ്ടുകളും ഒരുപോലെ വിറയ്ക്കുന്നുണ്ടായിരുന്നു. ഒടുവിൽ ഇടയ്ക്കിടെ നിർത്തിയും, സംഭ്രമംകൊണ്ടു് തൊണ്ടയിടറിയും അവൾ പറഞ്ഞുതുടങ്ങി:—

"എന്റെ......അമ്മ.......അങ്ങയുടെ അടുത്തേയ്ക്കു് എന്നെ അയച്ചിരിയ്ക്കുയാണു്. നിങ്ങൾ ഞങ്ങൾക്കു് ഒരു സഹായം ചെയ്തുതരണം. ഇതൊരു പ്രാർത്ഥനയാണു്. അച്ഛന്റെ അടുത്തേക്കു് ചെല്ലുന്നതിനു് മുമ്പു് ഈ വിവരം താങ്കളെ അറിയിക്കണം. അച്ഛൻ ചിത്രങ്ങൾ താങ്കളെ കാണിയ്ക്കുവാൻ ആഗ്രഹിക്കുന്നതു് സ്വാഭാവികമാണു്. പക്ഷെ.......ചിത്രങ്ങൾ....ആ ചിത്രങ്ങൾ........ മുഴുവനും, അല്ല, അധികഭാഗവും ഇപ്പോൾ ഇല്ല."

ശ്വാസം തടഞ്ഞുകൊണ്ടു് അവൾ നിന്നു ഒടുവിൽ എന്റെ നേരെ തിരിഞ്ഞു്, മിക്കവാറും പൊട്ടിക്കരഞ്ഞുകൊണ്ടു് ധൃതിയിൽ അവൾ തുടന്നു:—

"ഞാൻ അങ്ങയോടു് എല്ലാം തുറന്നുപറയാം. താങ്കൾക്കു് ഇപ്പോഴത്തെ കാലസ്ഥിതിയുടെ വൈഷമ്യം അറിയാം. എല്ലാം താങ്കൾക്കു് മനസ്സിലാകും. യുദ്ധം തുടങ്ങിയതുമുതൽ അച്ഛന്റെ കണ്ണിനു് തീരെ കാഴ്ചയില്ലാതായി. അതിനു് മുമ്പു് തന്നെ ഇടയ്ക്കിടയ്ക്കു് അദ്ദേഹത്തിനു് കണ്ണിന്റെ അസുഖമുണ്ടാവുക പതിവാണു്. വികാരത്തളിച്ചക്കു് ഒരുപക്ഷെ അതിൽ വലിയ പങ്കുണ്ടായിരിയ്ക്കാം. ചിത്രങ്ങളിൽ വലിയ ഭ്രമക്കാരനാണു് അദ്ദേഹം. കൂടാതെ, യുദ്ധം തുടങ്ങിയ ഉടനെ അച്ഛനു് എഴുപതിൽപരം വയസ്സായെങ്കിലും, യുദ്ധത്തിൽ ചേർന്നു് ഫ്രാൻസിലേക്കു് പോകണമെന്നു് വാശിയും മക്കടമുഷ്ടിയുമായി. 1870_ലെപ്പോലെ ഇത്തവണ നമ്മുടെ സൈന്യം മുന്നോട്ടു് കേറുന്നില്ലെന്നു് കണ്ടപ്പോൾ

അദ്ദേഹത്തിന് വല്ലാത്ത പരിഭ്രമവും, ആധിയും ആയി. കാഴ്ചശക്തിയാണെങ്കിൽ അദ്ദേഹത്തിന് ദയനീയമാം വിധം ദിവസംതോറും കുറഞ്ഞുകുറഞ്ഞും വന്നു. ഇതൊഴിച്ച് മററു യാതൊരു ബലഹീനതയുമല്ല അദ്ദേഹത്തിന്. അനേകം മണിക്കൂറുകൾ അദ്ദേഹത്തിന് ഏററവുമധികം ഇഷ്ടമുള്ള നായാട്ടിൽ ചിലവഴിക്കാൻ കുറേ മുമ്പുവരെ അദ്ദേഹത്തിനു കഴിയുമായിരുന്നു. പക്ഷെ, ഇപ്പോൾ അദ്ദേഹത്തിന് പുറത്തിറങ്ങി ഒന്നു ഉലാത്തുവാൻ പോലും വയ്യാതായിരിക്കുന്നു. അദ്ദേഹത്തിന് ഇപ്പോൾ ജീവിതത്തിൽ സന്തോഷം നൽകുന്ന ഒരൊററ വസ്തു ഈ ചിത്രശേഖരണം മാത്രമാണ്. ഓരോ ദിവസവും അദ്ദേഹം അതെടുത്ത് നോക്കും............എന്നു പറഞ്ഞാൽ അതൊന്നും കാണാൻ അദ്ദേഹത്തിനു സാധിക്കുകയില്ല. അദ്ദേഹത്തിൻെറ കണ്ണുകൾക്ക് അല്പം പോലും കാഴ്ചയില്ലാതായി കഴിഞ്ഞിരിക്കുന്നു. എന്നാലും, എല്ലാ ദിവസവും വൈകുന്നേരം ആ ആൽബങ്ങളെല്ലാം മുമ്പിലെടുത്തു നിരത്തിവെയ്ക്കും. ഓരോന്നോരോന്നായി എല്ലാ ചിത്രങ്ങളും അദ്ദേഹം തൊട്ടുനോക്കും. അനവധി വർഷങ്ങളായി അവയെല്ലാം അദ്ദേഹത്തിന് കാണാപ്പാഠമായിക്കഴിഞ്ഞു. ഈയിടെയായി ഇതൊഴിച്ച് മറെറാരു കാര്യത്തിലും അദ്ദേഹത്തിനു താല്പര്യമില്ല. എവിടെയെങ്കിലും ചിത്രങ്ങൾ ലേലത്തിൽ വില്പനനടത്തിയ വിവരം പത്രത്തിൽ കണ്ടാൽ ഞാൻ അതെല്ലാം അദ്ദേഹത്തെ വായിച്ചുകേൾപ്പിക്കണം. വില എത്രയെത്ര ഏറിയേറി വരുന്നുവെന്ന് അറിയിക്കുന്നുവോ അത്രയധികം ആഹ്ളാദമാണ് അദ്ദേഹത്തിന്. പിന്നെ ഭയ-

ങ്കരമായ മറെറാരു പരമാർത്ഥം ഇതാണു്. ഇക്കാലത്തെ ബുദ്ധിമുട്ടുകളെപ്പററിയോ, ജീവിക്കാൻ ആവശ്യമുള്ള സാധനസാമഗ്രികളുടെ വിലക്കയററത്തെപ്പററിയോ അച്ഛനു് ഒന്നുമറിഞ്ഞുകൂടാ. ഞങ്ങളുടെ സ്വത്തു് മുഴുവൻ നശിച്ചിരിക്കുന്നുവെന്നും ഒരാളുടെ പെൻഷൻ കൊണ്ടു് രണ്ടുദിവസത്തെ ചിലവിനു് പോലും മതിയാകയില്ലെന്നും അദ്ദേഹത്തിനു് അറിഞ്ഞുകൂട. ഇതൊന്നും പോരാഞ്ഞിട്ടു്, എൻെറ സഹോദരീഭർത്താവു് യുദ്ധത്തിൽ കൊല്ലപ്പെടുകയും ചെയ്തു. അനാഥയായ സഹോദരിയും നാലു കുട്ടികളും ബാക്കിയായി. എന്നിട്ടും ജീവിതത്തിൻെറ വൈഷമ്യങ്ങളെക്കുറിച്ചു് അച്ഛനു് യാതൊരറിവുമില്ല. ആദ്യമൊക്കെ ഞങ്ങൾ പിശുക്കു് പിടിച്ചു് ചിലവുചെയ്തു. പക്ഷെ ആ ലുബ്ധ്കൊണ്ടു ഫലമുണ്ടായില്ല. പിന്നീടു് ഞങ്ങൾ ഓരോരോ വീട്ടുസാമഗ്രികൾ വില്ക്കാൻ തുടങ്ങി. എന്നിട്ടും അദ്ദേഹത്തിൻെറ പ്രിയപ്പെട്ട ചിത്രങ്ങളിൽ ഒന്നുപോലും ഞങ്ങൾ എടുത്തില്ല. ഉണ്ടായിരുന്ന ആഭരണങ്ങളും എല്ലാം തീർന്നു. പക്ഷെ; ദൈവമേ! എന്തുചെയ്യും? കഴിഞ്ഞ അറുപതു് വർഷമായി മിച്ചം വരുന്ന ഓരോ പെന്നിയും ചിത്രങ്ങൾ വാങ്ങാനാണു് അച്ഛൻ ഉപയോഗിച്ചിരുന്നതു്. അങ്ങനെ ഒരു ദിവസം ഒന്നും ബാക്കിയില്ലായായി. പിന്നെ എന്താണു് ചെയ്യേണ്ടതു് എന്നു് ഞങ്ങൾ അമ്പരപ്പോടെ ചിന്തിച്ചു. അപ്പോഴാണു്—അപ്പോൾ മാത്രമാണു്, അമ്മയും ഞാനും കൂടി അച്ഛൻെറ ഒരു ചിത്രം എടുത്തു് വിററതു്. അച്ഛൻ അറിഞ്ഞാൻ ഒരിക്കലും അതു് അനുവദിക്കുകയില്ലായിരുന്നു. കാര്യങ്ങൾ എത്ര വൈഷമ്യത്തിലും കുഴപ്പത്തിലുമാണെന്നു് അദ്ദേഹത്തിനു

അല്പം പോലും അറിഞ്ഞുകൂടാ. ഒരു കഷ്ണം ഭക്ഷണസാധനം കരിഞ്ചന്തയിൽ വാങ്ങിക്കുവാനുള്ള ബുദ്ധിമുട്ടിനെക്കുറിച്ച് അദ്ദേഹത്തിന് ഊഹംപോലുമുണ്ടായിരുന്നില്ല. നാം യുദ്ധത്തിൽ തോററുപോയി എന്നും, ലൊറൈനും അൽഡാസ് പ്രദേശവും നമ്മുടെ കയ്യിൽ നിന്ന് പോയ്പ്പോയി എന്ന് പറഞ്ഞാൽ പോലും അദ്ദേഹം വിശ്വസിക്കുകയില്ല. അദ്ദേഹത്തെ പത്രങ്ങൾ വായിക്കുമ്പോഴെല്ലാം ജമ്മൻകാർ തോററ വിവരം ഞങ്ങൾ വിട്ടുകളയുകയാണ് പതിവ്. അദ്ദേഹത്തിൻെറ മനസ്സിനെ വിഷമിപ്പിയ്ക്കരുതല്ലോ?

“ഞങ്ങൾ വിററ കള്ളത്തൂ് വളരെ വിലയേറിയ ഒരു ചിത്രമായിരുന്നു. റെമ്പ്രാൻഡിൻെറ ഒരു നല്ല കൊത്ത് ചിത്രം. കച്ചവടക്കാരൻ അതിന് പകരം ഞങ്ങൾക്ക് ആയിരമായിരം മാർക്കുകൾ തരികയുണ്ടായി. പല വർഷങ്ങളിലേയ്ക്കുള്ള ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും തീൻ കിട്ടിയെന്ന് ഞങ്ങൾ കരുതുകയും ചെയ്തു. പക്ഷെ നിങ്ങൾക്കറിയാമല്ലോ, പണം അലിഞ്ഞു് പോകുന്നതു് എത്ര ക്ഷണത്തിലാണെന്ന്! അത്യാവശ്യം കഴിഞ്ഞ് ബാക്കിയുള്ള പണം മുഴവൻ ഞങ്ങൾ അപ്പോൾ തന്നെ ബാങ്കിൽ നിക്ഷേപിച്ചു. പക്ഷെ, എന്തിന് പറയുന്നു? രണ്ടു മാസം കഴിഞ്ഞപ്പോഴേയ്ക്കും ഒന്നും ബാക്കിയില്ലാതായി. അങ്ങിനെ ഒന്നിന് പിറകെ ഒന്നായി ചിത്രങ്ങളെല്ലാം വില്ക്കുവാൻ ഞങ്ങൾ നിർബന്ധിതരായി. ഓരോ പ്രാവശ്യവും വളരെ വളരെ വൈകിയാണ് വ്യാപാരി പണം അയച്ചുതന്നതു്. അതു് കിട്ടുമ്പോഴേയ്ക്ക് പണത്തിൻെറ വില അതിഭീമമായി ഇടിഞ്ഞി

ട്ടുണ്ടാവും. പിന്നീട് ഞങ്ങൾ ലേലം ചെയ്തു് വില്പകൾ പോലും ചെയ്തുനോക്കി. ഒരു ചിത്രത്തിനു് ലക്ഷവും, പത്തു ലക്ഷവും മാക്കുവരെ കിട്ടിയെങ്കിലും അവിടേയും ആളുകൾ ഞങ്ങളെ വഞ്ചിയ്ക്കുകയാണു് ചെയ്തതു്. എപ്പോഴും, എപ്പോഴും ആയിരങ്ങളും, ലക്ഷങ്ങളും ഞങ്ങളുടെ അടുക്കൽ കിട്ടുമ്പോഴെയ്ക്കു് വിലയില്ലാത്ത കടലാസ് കൂമ്പാരങ്ങളായിക്കഴിഞ്ഞിരിക്കും. അങ്ങിനെ, അങ്ങിനെ സാവധാനത്തിൽ രണ്ടു് മൂന്നെണ്ണം ഒഴികെ അച്ഛൻെറ സമാഹാരത്തിലുണ്ടായിരുന്ന നല്ല നല്ല ചിത്രങ്ങളെല്ലാം ഞങ്ങൾ വിററുകഴിഞ്ഞു. കരുതിക്കൂട്ടിയല്ല. ദാരിദ്ര്യം നിറഞ്ഞ ജീവിതത്തെ കുറിച്ചു് നാംകൂടി വലിച്ചുനീട്ടാനുള്ള ഞങ്ങളുടെ പരിശ്രമത്തിനിടയിൽ. എന്നാൽ അച്ഛൻ ഇതൊന്നും അറിഞ്ഞിട്ടില്ല.

"അതുകൊണ്ടാണു് ഇന്നു് താങ്കൾ അവിടെ വന്നപ്പോൾ അമ്മ അത്രയധികം ഭയപ്പെട്ടതു്. അച്ഛൻ ആൽബങ്ങൾ താങ്കളെ കാണിക്കുമ്പോൾ ഈ രഹസ്യം പുറത്താക്കുകയില്ലേ? ഞങ്ങൾ അദ്ദേഹത്തിൻെറ പഴയ കടലാസ് ചട്ടകളിൽ—അവയെല്ലാം തൊട്ടുനോക്കിയാൽ അദ്ദേഹത്തിനു് തിരിച്ചറിയാം—വെറുതെ കട്ടിയുള്ള വെള്ളക്കടലാസുകളോ അല്ലെങ്കിൽ വിലകുറഞ്ഞ മററു ചിത്രങ്ങളോ ഒട്ടിച്ചു് ചേർത്തു് വെച്ചിരിക്കയാണു്. അല്ലെങ്കിൽ ചിത്രങ്ങൾ കീറിയെടുത്ത കാര്യം അദ്ദേഹം അറിയുമല്ലോ? എന്നാലും അവയുടെ ക്രമം അദ്ദേഹത്തിനു് നല്ല നിശ്ചയമുണ്ടു്. അനുക്രമമായി അവയെ കൈകൊണ്ടു് തൊട്ടു് തടവിനോക്കാൻ മാത്രമെ ഇപ്പോൾ അദ്ദേഹത്തിനു് സാധിയ്ക്കു. എങ്കിലും, പ

ളുണ്ടാക്കെ, ശരിയ്ക്കു് കണ്ണുകൾകൊണ്ടു് അവ കാണുന്നതു് പോലെ സന്തോഷവും, സംതൃപ്തിയും അദ്ദേഹത്തിനു് ഇപ്പോഴും അനുഭവപ്പെടുന്നുണ്ടു്. ഈ ചെറിയ നഗരത്തിൽ അദ്ദേഹത്തിൻെറ നിധികൾ കാണിച്ചുകൊടുക്കാൻ അദ്ദേഹം ആരേയും ക്ഷണിക്കാറില്ല. അച്ഛനു് ഓരോ ചിത്രത്തോടും മതഭ്രാന്തു് പോലെ ഒരുതരം കിറുക്കു് പിടിച്ച മമതയാണു്. ചിത്രങ്ങളെല്ലാം നഷ്ടപ്പെട്ടു എന്നു് എങ്ങിനെയെങ്കിലും അദ്ദേഹം അറിഞ്ഞുപോയാൽ, നിശ്ചയമായും ആ നിമിഷം ഹൃദയം തകന്നു് അദ്ദേഹം മരിയ്ക്കും. ഡ്രെസ്ഡനിലെ ചെമ്പു് കൊത്തുശാലയിലെ പഴയ ഡയറക്റ്റർ മരിച്ചതിനു ശേഷം, അച്ഛൻ ചിത്രകൾ കാണിക്കുവാൻ ആദ്യമായി ക്ഷണിക്കുന്നതു് താങ്കളെയാണു്. അതുകൊണ്ടാണു് താങ്കളോടു് ഞങ്ങൾ അപേക്ഷിക്കുന്നതു്."

വാദ്ധക്യചിഹ്നങ്ങൾ മുഖത്തു് ഓടിയണഞ്ഞുതുടങ്ങിയ ആ യുവതി കൈകൾ ഉയത്തി കണ്ണുകൾ തുടച്ചു. അവളുടെ കണ്ണുകൾ നിറഞ്ഞു് തുളുമ്പിയിരുന്നു.

"ഞങ്ങൾ............താങ്കളോടു് അപേക്ഷിക്കുന്നു. അദ്ദേഹത്തിൻെറ വിശ്വാസത്തെ നിങ്ങൾ തകക്കരുതേ എന്നു്. അദ്ദേഹത്തിൻെറ തെററിദ്ധാരണ നീക്കരുതേ! അദ്ദേഹത്തിൻെറ സവ്വസുഖത്തേയും നശിപ്പിച്ചു്, ഞങ്ങളെ ദുഃഖത്തിലാഴ്ത്തരുതേ! അദ്ദേഹം തൊട്ടു കാണിച്ചു് വർണ്ണിക്കുന്ന ചിത്രങ്ങൾ അവിടെത്തന്നെയുണ്ടെന്നു് വിശ്വസിപ്പിക്കുവാൻ താങ്കളും ഞങ്ങളെ സഹായിക്കണം............ആ ചിത്രങ്ങൾ നഷ്ടപ്പെട്ടെന്നു് സംശയം ജനിച്ചാൽ മതി, പിന്നെ അദ്ദേഹം ജീവിക്കു

കയില്ല. ഒരു പക്ഷെ ഞങ്ങൾ ചെയ്തതു് അക്രമമായി രിയ്ക്കാം. പക്ഷെ അതു് ചെയ്യാതിരിയ്ക്കാൻ ഞങ്ങൾക്കു് കഴിയുമായിരുന്നില്ല. ജീവിയ്ക്കേണ്ടേ!

അനാഥബാലന്മാർ നിശ്ചയമായും, പഴഞ്ചൻ പട ങ്ങളേക്കാൾ വിലയേറിയതാണു്. മനുഷ്യജീവിതം, നാലു് അനാഥശിശുക്കൾ, എന്റെ സഹോദരി, അമ്മ ഇവരെല്ലാം ചിത്രസമാഹാരങ്ങളേക്കാൾ എത്ര ഗൗരവ മേറിയ ജീവിതസത്യങ്ങളാണു്........ ഇതുകൊണ്ടു് ഞ ങ്ങൾ അദ്ദേഹത്തിന്റെ ആഹ്ലാദം ഒരണുപോലും ഇന്നു വരെ കവർന്നു് എടുത്തിട്ടില്ല. ദിവസേന, വൈകുന്നേരം മൂന്നു് മണിക്കൂർ നേരം അദ്ദേഹം ആൽബത്തിന്റെ ഏ ടുകൾ മറിച്ചുകൊണ്ടിരിക്കും. ഓരോ ചിത്രത്തോടും ഒരു മനുഷ്യനോടെന്നപോലെ സംസാരിച്ചുകൊണ്ടി രിക്കും. അതു മതി, അനിർവ്യാച്യമായ ആനന്ദം, അമൂ ല്യമായ ആഹ്ലാദം, അതിരററ സംതൃപ്തി അദ്ദേഹത്തിനു് ലഭിക്കുകയായി.

ഇന്നു, ഇന്നായിരിയ്ക്കാം ഒരുപക്ഷെ അദ്ദേഹത്തിനു് ഏററവും ആഹ്ലാദപ്രദമായ ദിവസം. ചിത്രങ്ങളെക്കു റിച്ചു് വിവരമുള്ള ഒരാളെ തന്റെ പ്രിയപ്പെട്ട ചിത്ര ങ്ങൾ കാണിച്ചു് കൊടുക്കാനുള്ള അവസരം എത്ര വർഷ ങ്ങളായി അദ്ദേഹം കാത്തിരിയ്ക്കുന്നു! ദയവു്ചെയ്തു്........ ഞാൻ വീണ്ടും വിണ്ടും ഞാൻ താങ്കളോടു് അപേക്ഷി ക്കുന്നു. അദ്ദേഹത്തിന്റെ ആഹ്ലാദത്തെ നശിപ്പിയ്ക്ക രുതേ! അദ്ദേഹത്തിന്റെ ആനന്ദത്തെ തകർത്തു് കളയ രുതേ..........”

അവളുടെ വാക്കുകളിൽ ഓളംവെട്ടിയിരുന്ന ദയനീയത, ഞാൻ എത്രയെത്ര പറഞ്ഞാലും നിങ്ങൾക്ക് മനസ്സിലാകയില്ല. നീചമായി കൊള്ളയടിയ്ക്കപ്പെട്ടവരായിരുന്നു അവർ. നാണയപ്പെരുപ്പത്തിൻെറ ചതികൾക്ക് ഇരയായവർ, ഒരു നേരത്തെ ഭക്ഷണത്തിന്ന് പകരമായി, അമൂല്യങ്ങളും നൂററാണ്ടുകൾ പഴക്കമുള്ളവയുമായ അമൂല്യചിത്രങ്ങൾ കുരുതികഴിയ്ക്കാൻ നിർബ്ബന്ധിതരായവർ. ഒരു കച്ചവടക്കാരനായ ഞാൻ ഇത്തരം കുടുംബക്കാരെ എത്രയോ കണ്ടിരിയ്ക്കുന്നു. പക്ഷെ, അതിൽനിന്നെല്ലാം വ്യത്യാസ്ഥമായ, അസാധാരണവും ദയനീയവുമായ ഒരു വിചിത്രരൂപം വിധി കൈക്കൊണ്ടിരിക്കുന്നതുപോലെ എനിയ്ക്കു് തോന്നി. എന്നാൽ കഴിയുന്ന സഹായം ചെയ്യാമെന്നു് ഞാൻ പ്രതിജ്ഞയും ചെയ്തു.

## മൂന്നു്

## "ആനന്ദത്തിൻെറ ആത്മാവു്"

ഞാനും അദ്ദേഹത്തിൻെറ മകളും ഒരുമിച്ചാണു് വീട്ടിലേക്കു് പോയതു്. അറിവില്ലാത്തവരും ദരിദ്രരും ആയ ഇവരെ എത്ര നിസ്സാരമായ തുകകൾ നല്കിയായിരിക്കും കച്ചവടക്കാർ വഞ്ചിച്ചതു് എന്നു ഞാനോർത്തു. എനിക്കു് ഉള്ളിൽ വല്ലാത്ത ദേഷ്യവും, നിരാശയും അള്ളി അള്ളി പിടിക്കുന്നതു്പോലെ തോന്നി. എങ്ങിനെയെങ്കിലും അവരെ സഹായിക്കേണമെന്നുള്ള എൻെറ നിശ്ചയത്തിനു് ഇതു് ഉറപ്പു് കൂട്ടുകയാണു് ചെയ്തതു്. ഗോവണിപ്പടികൾ കയറി ഞങ്ങൾ മുകളിലേയ്ക്കു് ചെന്നു. വാതില്ക്കലുള്ള മണിയടിച്ച ഉടനെ ആഹ്ലാ

ദംകൊണ്ടു് നിറഞ്ഞ ആ വൃദ്ധൻെറ സ്വരം അകത്തു് നിന്നു് ഞങ്ങൾ കേൾക്കുകയായി.

"അകത്തേയ്ക്കു് വരൂ!"

അദ്ദേഹം ക്ഷണിച്ചു. അന്ധന്മാക്കു് സഹജമായ സൂക്ഷ്മശ്രവണ ശക്തിയോടെ കോവണിപ്പടി കയറു മ്പോൾ തന്നെ ഞങ്ങളുടെ കാലൊച്ച അദ്ദേഹം കേട്ടിരിക്കണം. "താങ്കളെ ആ അമൂല്യചിത്രങ്ങൾ കാണിക്കാനുള്ള ആഗ്രഹംമൂലം ഹെർവത്തിന്നു് ഇന്നു് ഉച്ചക്കു് ഉറങ്ങാനെ കഴിഞ്ഞില്ല." പുഞ്ചിരിതൂകികൊണ്ടു് വൃദ്ധയായ ആ അമ്മ പറഞ്ഞു: മകളുടെ ഒരൊററ നോട്ടത്തിൽനിന്നുതന്നെ അവരുടെ അപേക്ഷ ഞാൻ സമ്മതിച്ചിരിക്കുന്നുവെന്നു് ആ അമ്മ മനസ്സിലാക്കിക്കഴിഞ്ഞു. ഇതു് അവരെ സമാശ്വസിപ്പിച്ചു എന്നുള്ളതു് പ്രത്യക്ഷമായിരുന്നു. ആൽബങ്ങൾ ഞങ്ങളെ കാത്തുകൊണ്ടു്, ആകാംക്ഷയോടെ മേശപ്പുറത്തു് ചിട്ടയില്ല, അടുക്കില്ല, ചിതറിക്കിടന്നു. എൻെറ കൈകൾ അദ്ദേഹത്തിൻെറ കൈകളെ സ്പർശിച്ചതോടെ മറെറാരു ഉപചാരവാക്യങ്ങളും പറയാതെ എന്നെ ഒരു കസേരയിൽ പിടിച്ചിരുത്തി.

"അപ്പോൾ നമുക്കു് വേഗം തന്നെ തുടങ്ങാം. കാണാൻ എന്തെല്ലാം ഉണ്ടെന്നോ? സമയമാണെങ്കിൽ വളരെ കുറച്ചും. ഇതാ, ഇവിടെയിരിക്കുന്ന ആദ്യത്തെ ആൽബം ഡ്യൂററുടെ ചിത്രങ്ങളാണു്. ഈ സമാഹാരം മിക്കവാറും പരിപൂർണ്ണമാണെന്നു് മുഴുവൻ കാണുമ്പോൾ താങ്കൾക്കു് മനസ്സിലാകും. അവയുടെ അഴകും പഴക്കവും നോക്കിയാണു് ഞാൻ അടുക്കിവെച്ചിരിക്കുന്നതു്.

ശരി, താങ്കൾ തന്നെ അഭിപ്രായം പറഞ്ഞോളൂ. എല്ലാം ഒരു തവണയെങ്കിലും കാണണം."

അദ്ദേഹം ആൽബത്തിന്റെ ഒന്നാമത്തെ ഇതൾ വിരൽകൊണ്ടു് മറിച്ചു; "ഇതാ നോക്കൂ; 'വലിയ കുതിര'."

തൊട്ടാൽ പൊടിഞ്ഞു പോകുന്ന ഒരു സാധനം തൊടും പോലെ; അതിസൂക്ഷ്മമായി അലിവേറിയ വിരൽത്തുമ്പു് കൊണ്ടു് മെല്ലെ മെല്ലെ ആൽബത്തിൽ നിന്നു് അദ്ദേഹം ഒരു കടലാസ്സ് ചട്ടം പുറത്തെടുത്തു. പഴകി ദ്രവിച്ചു് മഞ്ഞനിറം കലന്നു് തുടങ്ങിയ ഒരു വെറും ശൂന്യമായ കടലാസ്സു കഷണം അദ്ദേഹം അത്യന്തം ആവേശത്തോടെ തന്റെ മുമ്പിൽ നീട്ടിപ്പിടിച്ചു. കണ്ണു് തീരെ കാണാൻ വയ്യെങ്കിലും കുറേനേരം അദ്ദേഹം തുളഞ്ഞു കയറും വിധം അതിന്മേലേക്ക് തുറിച്ചു നോക്കി. ആനന്ദം കൊണ്ടു മൂർച്ഛിച്ചതുപോലെ ആ ശൂന്യമായ കടലാസ് കഷ്ണത്തിലേക്കു നോക്കിക്കൊണ്ടു് അദ്ദേഹം നിശ്ചലനായി ഇരുന്നു. പുകൾപെറ്റ ഒരു മോഹന ചിത്രം നോക്കിക്കാണുന്ന ഒരു സഹൃദയന്റെ ആഹ്ലാദം കൊടുമ്പിരികൊണ്ടതുപോലെയുള്ള മുഖഭാവങ്ങൾ മാന്ത്രികശക്തിയാലെന്ന വിധം അദ്ദേഹത്തിന്റെ വദനത്തിൽ തെളിഞ്ഞു. മരിച്ചു് മരവിച്ച കൃഷ്ണമണികളുള്ള ആ കണ്ണുകളിൽ അൽപനേരത്തേയ്ക്കു് അസാധാരണമായ ഒരു പ്രകാശം, സജീവമായ ഒരു ദീപ്തി പ്രതിഫലിച്ചു കണ്ടു. കടലാസ്സിന്റെ തെളിച്ചമോ, ആത്മാവിന്റെ വെളിച്ചമൊ ഇതിനു് കാരണമെന്നു് പെട്ടെന്നു് നിശ്ചയിയ്ക്കുവാൻ പ്രയാസമായിരുന്നു. ഒരു നിമിഷനേരത്തേയ്ക്കു് അദ്ദേഹത്തിന്നു് കാഴ്ചശക്തി തിരി

രിച്ചു് കിട്ടിയെന്നു് പോലും ഞാൻ സംശയിച്ചുപോയി!

അദ്ദേഹം അഭിമാനപൂർവ്വം തലയുയർത്തിപ്പിടിച്ചു് കൊണ്ടു് പറയാൻ തുടങ്ങി.

"ഇതിലും മനോഹരമായ ഒരു ചിത്രം നിങ്ങൾ എവിടെയെങ്കിലും കണ്ടിട്ടുണ്ടോ? ഓരോ വരകളും, എത്ര തെളിവായും സൂക്ഷ്മമായും ഇതിൽ ചിത്രീകരിച്ചിരിക്കുന്നു. ഡ്രെസ്ഡണിലുള്ള മാതൃകയുമായി ഈ പടം ഞാൻ ഒത്തുനോക്കിയിട്ടുണ്ടു്. പക്ഷെ, ഇതിനോടു് നോക്കുമ്പോൾ അതു് കേവലം മങ്ങിയതും, മരവിച്ചതും, ജീവനില്ലാത്തതുമാണു്. ഇതിനൊക്കെ പുറമെയാണു് ഈ ചിത്രത്തിൻെറ പുരാതനമായ പാരമ്പര്യം.......ഇതാ."

അദ്ദേഹം ആ കടലാസിൻെറ മറുപുറത്തു് വിരൽ നഖംകൊണ്ടു് ചില ഇല്ലാത്ത അക്ഷരങ്ങളെ ചൂണ്ടിക്കാണിച്ചു. ഞാൻ പോലും തന്നത്താൻ മറന്നു് ആ അക്ഷരങ്ങൾ അവിടെ ഉണ്ടോ എന്നു് നോക്കിപ്പോയി.

"നഗ്ലറുടെ ശേഖരണാലയത്തിൻെറ മുദ്ര ഇതാ, ഇവിടെ നിങ്ങൾക്കു് കാണാം. ഇവിടെ റെമിയുടേയും, എസ്ഡെലിൻേറയും അടയാളങ്ങളും. സുപ്രസിദ്ധരായ അവരൊന്നും സ്വപ്നം കണ്ടിട്ടുപോലും ഉണ്ടായിരിക്കയില്ല അവരുടെ അമൂല്യമായ ഈ ചിത്രം ഈ ചെറിയ വീട്ടിൽ ഒരു കാലത്തു് എത്തിച്ചേരുമെന്നു്" അദ്ദേഹം തുടന്നു.

സംശയലേശമില്ലാതെ ആ വൃദ്ധൻ കേവലം ശൂന്യമായ ഒരു വെളുത്ത കടലാസു് കഷണത്തെ അത്രമാത്രം വികാരവൈവശ്യത്തോടെ പുകഴ്ത്തുന്നതു് കേട്ടപ്പോൾ എൻെറ നട്ടെല്ലിലൂടെ ഒരു മരവിപ്പു് മിന്നി

പ്പായുന്നതുപോലെ തോന്നി. വെറും ഭാവനയിൽ മാത്രം അവശേഷിച്ചിട്ടുള്ള അദൃശ്യങ്ങളായ അക്ഷരങ്ങളും, ചിത്രങ്ങളും അണുപോലും തെററാതെ അദ്ദേഹം ചൂണ്ടു വിരൽകൊണ്ടു് തൊട്ടു് കാട്ടുമ്പോൾ, പ്രേതങ്ങളെ കാണുന്ന ഒരനുഭൂതിയാണു് നമുക്കുണ്ടാവുക. സംഭ്രമംകൊണ്ടു് തൊണ്ട വിറയുന്നതു് പോലെയും; നാവു് വരണ്ടു് പോകുന്നതു് പോലെയും.

എന്താണു് മറുപടി പറയേണ്ടതു് എന്നു് പോലും എനിക്കു് നിശ്ചയമില്ലാതായി. പരിഭ്രമത്തോടെ ഞാൻ രണ്ടു് സ്ത്രീകളേയും മുഖത്തു് മാറി മാറി നോക്കി. ഭയസംഭ്രമാദികളാൽ വിറപൂണ്ട ആ സ്ത്രീകളുടെ അപേക്ഷാപൂർവ്വം ഉയർത്തിയ കരങ്ങളാണു് ഞാൻ കണ്ടതു്. ഞാൻ ഇരുകരങ്ങൾകൊണ്ടും ധൈര്യം മുറുകെപ്പിടിച്ചുകൊണ്ടു് എൻെറ ഭാഗം അഭിനയിക്കാൻ തന്നെ നിശ്ചയിച്ചു.

"അത്ഭുതകരം!" വിക്കി വിക്കി ഒടുവിൽ ഞാൻ പറഞ്ഞു; "അതിശയകരമായ ഒരു ചിത്രം!!"

അദ്ദേഹത്തിൻെറ മുഖം ആകമാനം അഭിമാനം കൊണ്ടു് ഉടനെ തിളങ്ങി.

"ഇതു്, കേവലം നിസ്സാരമാണു്."

വിജയഭാവത്തിൽ അദ്ദേഹം തുടന്നു:—

"നിങ്ങൾ കാണേണ്ട ചിത്രം "വിഷാദം" ആണു്; അല്ലെങ്കിൽ "വികാരമൂച്ഛ." ഈ മാതൃകകൾ പോലെ ഇത്ര തെളിച്ചവും പ്രകാശവുമുള്ള മറെറാരു പ്രതി രണ്ടാമതെടുക്കുവാൻ ആക്കും സാധിച്ചിട്ടില്ല. താങ്കൾ ഒന്നു് നോക്കു."

അദ്ദേഹത്തിൻെറ വിരലുകൾ ഭാവന നിർമ്മിച്ച ഒരു പ്രത്യക സ്ഥലത്തു് വീണ്ടും വിഹരിയ്ക്കാൻ തുടങ്ങി. "നവതാവും, സൂക്ഷ്മതയും, ഉജ്ജ്വിതതാവുമുള്ള ഇതിൻെറ വർണ്ണവൈചിത്ര്യം ഒന്നു് നോക്കു. ബർലിൻ നഗരവും അവിടെയുള്ള എല്ലാ വലിയ കച്ചവടക്കാരും, കാഴ്ചശാലകളിലെ പണ്ഡിതവരേണ്യന്മാരും ചേൎന്നു് ഈ ചിത്രത്തിനു് മുമ്പിൽ തലകുനിയ്ക്കണം."

നാഴികമണി രണ്ടു് മണിക്കൂർ കഴിഞ്ഞുപോയി എന്നു് സൂചനകൾകൊണ്ടു് പറയുംവരെ, കുത്തിയൊലിയ്ക്കുന്ന അഭിമാനത്തിൻെറ ഈ വിവരണം തുടൎന്നു പോയെന്നു് ചുരുക്കിപ്പറഞ്ഞാൽ മതിയല്ലോ? ഒടുവിൽ എനിയ്ക്കിതു് അസഹ്യമായി തോന്നി. നൂറൊ ഇരുനൂറൊ വെറും കടലാസ്സു് കഷ്ണങ്ങളും, കീറിപ്പറിഞ്ഞ അച്ചടിപ്പടങ്ങളും അദ്ദേഹത്തോടൊപ്പം കണ്ടുകൊണ്ടിരിയ്ക്കുക എന്നുള്ളതു് എത്ര വിരസമായ ഒരു ജോലിയാണു് എന്നു് പറയാൻ പ്രയാസമാണു്. എന്നാൽ സംശയം ലേശംപോലുമില്ലാത്ത ആ വൃദ്ധനു് ആ വെറും കടലാസുകളെല്ലാം, യഥാർത്ഥത്തിൽ അസാധാരണങ്ങളും അത്ഭുതകരങ്ങളുമായ സുപ്രസിദ്ധ ചിത്രങ്ങൾ തന്നെയായിരുന്നു. ഒരു തെററും കൂടാതെ അവയോരോന്നും അനുക്രമമായി എടുത്തു്, പേരു് പറഞ്ഞു് കൊണ്ടു് അവയെ അദ്ദേഹം വർണ്ണിയ്ക്കുകയുണ്ടായി.

ഈ ആവേശമൂർച്ഛയിൽ നിന്നു് സ്വപ്നാടനം പോലെയുള്ള ഈ നിശ്ചയ ബുദ്ധിയിൽ നിന്നു് അദ്ദേഹം പെട്ടെന്നു് യഥാർത്ഥ്യം മനസ്സിലാക്കിയാലൊ എന്നു് ഭയങ്കരമായ ഒരു സംശയം ഒരിക്കൽ മാത്രം എന്നെ വ്

ഷമിപ്പിച്ചു. റെംബ്രാൻസിൻെറ "അന്തിയോപ്പി"യ്ക്കു മഹാത്മ്യത്തെ അദ്ദേഹം പുകഴ്ത്തുകയായിരുന്നു. അദ്ദേഹത്തിൻെറ വിരലുകൾ സ്നേഹപൂർവ്വം ആ ചിത്രത്തിൻെറ സങ്കല്പരേഖകളിൽ സഞ്ചരിക്കുന്നു. പക്ഷെ, അപരിചിതമായ ആ കടലാസ്സ് താളിൽ എന്തുകൊണ്ടോ മൂർച്ചയേറിയ അദ്ദേഹത്തിൻെറ സ്പർശന നാഡികൾ സംശയിച്ചു നിന്നു. അദ്ദേഹത്തിൻെറ ഫാലപ്രദേശത്തു് ഒരു നിഴൽ തെളിഞ്ഞു് മറയുന്നതു് പോലെ തോന്നി. ശബ്ദത്തിൽ ഒരു പതറിച്ച മുഴച്ചു് നിന്നു.

"അപ്പോൾ ഇതു്. ഇതു് "അന്തിയോപ്പി" തന്നെയല്ലേ? എന്നു് പരിഭ്രമത്തോടെ അദ്ദേഹം എന്നോടു് ചോദിച്ചു.

ഉടൻ തന്നെ ഞാൻ ഞെട്ടിയുണർന്നു. ചട്ടമിട്ടു് വെച്ചിരുന്ന ആ കടലാസ് ഞാൻ അദ്ദേഹത്തിൻെറ കയ്യിൽ നിന്നു് വാങ്ങി. എനിയ്ക്കു് നല്ല ഓർമ്മയുണ്ടായിരുന്ന ആ കൊത്തുചിത്രത്തെ ഞാൻ വിവരിച്ചു് വർണ്ണിയ്ക്കാൻ തുടങ്ങി. പരിഭ്രാന്തമായിത്തീർന്നിരുന്ന ആ അന്ധൻെറ മുഖം വീണ്ടും തെളിഞ്ഞു. ആ ചിത്രത്തിൻെറ സവിശേഷതകളെ ഞാൻ പുകഴ്ത്തുന്തോറും ആ വദനത്തിലെ ആനന്ദം പുരണ്ട ആത്മാർത്ഥതയും തെളിഞ്ഞു് തെളിഞ്ഞു് വന്നു.

"ചിത്രങ്ങളെക്കുറിച്ചു് എന്തെങ്കിലും അറിയാവുന്ന ഒരാൾ ഒടുക്കം ഇതാ." അദ്ദേഹം ആഹ്ലാദത്തോടെ പുറകിൽ നിന്നിരുന്ന ഭാര്യയോടും പുത്രിയോടുമായി പറഞ്ഞു:—

"അവസാനം ചിത്രങ്ങളുടെ യഥാർത്ഥ വിലയറിയാ

വുന്ന ഒരാറം ഇതാ എത്തിയിരിയ്ക്കുന്നു. ഞാൻ പണ മെല്ലാം വെറുതെ വിലയില്ലാത്ത ചിത്രങ്ങറംക്കായി ചി ലവാക്കിയെന്നു് നിങ്ങറം പറഞ്ഞില്ലേ? ഇപ്പോറം ഇതാ എൻെറ ചിത്രങ്ങളുടെ വിലയെന്താണെന്നു് ഇദ്ദേഹം പറഞ്ഞതു് കേട്ടോ? ഈ അറുപതു് വഷങ്ങളിൽ ബിയർ ഇല്ല, വീഞ്ഞില്ല, പുകയിലയില്ല, ഒരു സ്ഥലത്തേയ്ക്കും യാത്രയില്ല, നാടകശാലയിൽ പോയിട്ടില്ല, പുസ്തക മൊന്നും വാങ്ങിയിട്ടില്ല. ഇതൊക്കെ ശരിതന്നെ. എല്ലാ യ്പോഴും ചിലവു് ചുരുക്കൽ. ബാക്കിയുള്ളതു് മുഴുവൻ ഈ ചിത്രങ്ങറംക്കു്വേണ്ടി ചിലവാക്കി. എന്നാലും ഒ രിക്കൽ നിങ്ങറംക്കു് മനസ്സിലാകും. നിങ്ങറം പണക്കാ രാണെന്നും; ഈ പട്ടണത്തിലുള്ള എല്ലാവരേക്കാളും വ ലിയ പണക്കാരാണെന്നു; ഡ്രെസ്ഡണിലെ കോടീശ്വ രന്മാരോളം സമ്പാദ്യം നിങ്ങറംക്കുണ്ടെന്നു്. എൻെറ ഈ കമ്പം പിടിച്ച ചിത്രഭ്രാന്തിൽ അപ്പോറം നിങ്ങ റംക്കു് സന്തോഷം തോന്നും. പക്ഷെ, ഞാൻ ജീവിച്ചി രിയ്ക്കുമ്പോറം ഒരൊററ ചിത്രം ഈ വീട്ടിൽ നിന്നു് പു റത്തു് പോകാൻ ഞാൻ സമ്മതിയ്ക്കയില്ലേ. ആദ്യം എൻെറ ശവസംസ്കാരം കഴിയണം; എന്നിട്ടേ എൻെറ ചിത്രങ്ങറം തൊടാൻ ഞാൻ സമ്മതിയ്ക്കൂ."

ഇത്രയും പറഞ്ഞിട്ടു്, അദ്ദേഹം ജീവനുള്ള ചില വസ്തുക്കളെയെന്നപോലെ ആ വെറും കടലാസുകഷ്ണങ്ങളെ സ്നേഹപൂവ്വം തലോടി. ആ കാഴ്ച ബീഭത്സവും അത്ഭുത മയം അതിദയനീയവുമായിത്തോന്നി. അനേകം വഷ ങ്ങറംക്കുള്ളിൽ ഇത്ര പരിപൂണ്ണവും, വിശുദ്ധവുമായ ആ നന്ദത്തിൻെറ പ്രത്യക്ഷീഭാവം ഒരൊററ ജമ്മൻകാരൻെറ

മുഖത്തെങ്കിലും ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തിൻെറ ഭാര്യയും, മകളും നിറഞ്ഞ കണ്ണുകളോടെ നോക്കിക്കൊണ്ടു് നിന്നു. ശ്രീ യേശുക്രിസ്തുവിൻെറ ശവക്കല്ലറ സന്ദർശിക്കാൻ സമാഗതരായ സ്ത്രീകളുടെ മുഖത്തു് പ്രത്യക്ഷപ്പെട്ടന്നതായി സുപ്രസിദ്ധ ജർമ്മൻ ചിത്രകാരന്മാർ രേഖപ്പെടുത്തിയ ഭയജന്യമായ നടുക്കവും, അവ്യാച്യവും ആനന്ദാശ്ചര്യമയമായ ആവേശ മൂർച്ഛയുമാണു് അവരിൽ കാണപ്പെട്ടതു്. ഇത്തരം ഹൃദയഭേദകമായ ഒരു നിമിഷം എൻെറ ജീവിതത്തിൽ ഇതിനു് മുമ്പ് അനുഭവപ്പെട്ടിട്ടില്ല. എന്നാലും ആ വൃദ്ധനു് ഞാൻ അദ്ദേഹത്തിൻെറ ചിത്രങ്ങളെ പ്രശംസിച്ചതു് മതിയായില്ല. എൻെറ വായിൽ നിന്നു് പുറത്തേയ്ക്കു് വീഴുന്ന ഓരോ വാക്കും കടന്നു് പിടിച്ചു് വിഴുങ്ങിക്കൊണ്ടു് അദ്ദേഹം ആൽബങ്ങൾ എൻെറ മുമ്പിൽ അടക്കിവെക്കുകയും തിരിച്ചും മറിച്ചും ഇടുകയും ചെയ്തു. ഒടുവിൻ ചിത്രങ്ങളില്ലാത്ത ആൽബങ്ങളെല്ലാം ഒരു വശത്തേയ്ക്കു് മാററിവെച്ചു് മനസ്സില്ലാമനസ്സോടെ കാപ്പികുടിയ്ക്കാൻ വേണ്ടി അദ്ദേഹം എഴുന്നേററപ്പോൾ എനിക്കു് വലിയ ആശ്വാസം തോന്നി. പക്ഷെ ഏതാണ്ടൊരു കുററബോധത്തോടുകൂടിയ എൻ്റെ ആഹ്ലാദം, ആ വൃദ്ധൻെറ ഉയർന്നുയർന്നുവന്ന ആനന്ദാവേശത്തിൻേറയും ആഹ്ലാദത്തള്ളിച്ചയുടേയും മുമ്പിൽ എത്ര നിസ്സാരങ്ങളായിരുന്നില്ല. താൻ പടങ്ങൾ വാങ്ങിച്ചതിൻെറ ആയിരമായിരം കഥകൾ അദ്ദേഹത്തിനു് പറയാനുണ്ടായിരുന്നു. ഇതുസംബന്ധമായി ഏതെങ്കിലും പടം തിരഞ്ഞെടുക്കുവാൻ അദ്ദേഹം തന്നെ ആൽബങ്ങളിൽ തപ്പിത്തടഞ്ഞു. ഒടുവിൽ ഞാൻ യാത്ര ചോദിച്ച

പ്പോൾ അദ്ദേഹം ഞെട്ടിയുണൎന്നു. ഒരു വാശിക്കാരൻ ബാലനെപ്പോലെ അദ്ദേഹം ഈൎഷ്യയും, മുഷിവും കാണിച്ചു. ഇനിയും താമസിച്ചാൽ എനിയ്ക്കു വണ്ടിതെററുമെന്നു് ആ സ്ത്രീകൾ രണ്ടുപേരും വീണ്ടും വീണ്ടും പറഞ്ഞു. നിരാശയോടെ അദ്ദേഹം ഒന്നുകൂടി എതിൎത്തെങ്കിലും ഒടുവിൽ എന്നെ പോകാൻ അനുവദിച്ചു. എന്നോടു് യാത്ര പറയുമ്പോൾ അദ്ദേഹത്തിൻെറ സ്വരം അത്യന്തം മൃദുവായിരുന്നു. അദ്ദേഹം എൻെറ ഇരുകരങ്ങളും കടന്നു് പിടിച്ചു. ഒരു അന്ധനു് മാത്രം സാധിക്കുന്ന വിധം സ്പൎശനശക്തിയോടെ സ്നേഹപൂൎവ്വം എൻെറ കൈകളിൽ തലോടി.

വിറയ്ക്കുന്ന സ്വരത്തിൽ അദ്ദേഹം പറഞ്ഞു:—

"ഈ സന്ദൎശനംകൊണ്ടു് എനിക്കു് വലിയ വലിയ ആഹ്ലാദമാണു് താങ്കൾ നല്കിയതു്."

ഉള്ളിൽനിന്നും പുറത്തേക്കു് തള്ളിപ്പുറപ്പെടുന്ന ഒരു വിറയലോടെ അദ്ദേഹം തുടൎന്നു. "ഒടുവിൽ, ഒടുവിൽ ഒരു തവണ കൂടി ചിത്രങ്ങളെക്കുറിച്ചു് വല്ലതും അറിയാവുന്ന ഒരാളൊന്നിച്ചു് ഇവയെല്ലാം ഒന്നു് മറിച്ചുനോക്കുവാൻ കഴിഞ്ഞതു് എനിക്കു് യഥാൎത്ഥത്തിൽ വലിയ ആനന്ദം തന്നെയായിരുന്നു. ഏതായാലും വൃദ്ധനും അന്ധനുമായ എന്നെ നിങ്ങൾ കാണാൻ വന്നതു് വെറുതെയാകില്ല. എൻെറ ചിത്രസമാഹാരം ലേലം ചെയ്യാനുള്ള ചുമതല നിങ്ങളുടെ സ്ഥാപനത്തെ ഏല്പിയ്ക്കുണമെന്നു് ഒരു വ്യവസ്ഥ ഞാൻ എൻെറ മരണപത്രത്തിൽ എഴുതിവെക്കും" സ്നേഹത്തോടെ അദ്ദേഹം തൻെറ കൈ ആ വിലയില്ലാത്ത കടലാസ്സ് കഷ്ണങ്ങളുടെ മേൽവെച്ചു.

"ഇവയ്ക്കു് മനോഹരമായ ഒരു വിവരണപ്പട്ടിക തയ്യാറാക്കുമെന്നു് നിങ്ങൾ പ്രതിജ്ഞചെയ്യുക. അതിലും നല്ല ഒരു സ്മാരകം എനിയ്ക്കാവശ്യമില്ല."

അമ്മയുടേയും മകളുടേയും മുഖത്തേയ്ക്കു് ഞാൻ നോക്കി. അവർ വിറകൊള്ളുന്നതു് അദ്ദേഹം അറിയാതിരിക്കാൻ അവർ വളരെ പ്രയാസപ്പെട്ടു് സ്വയം നിയന്ത്രിക്കുന്നുണ്ടു്. "അസാധ്യമായതു് സാധിയ്ക്കാം" എന്നു ഞാൻ പ്രതിജ്ഞ ചെയ്തു. ആഹ്ലാദസൂചകമായി അദ്ദേഹം എൻെറ കൈകളിൽ അമർത്തി.

ആ സ്ത്രീകൾ വാതില്ക്കലോളം എന്നെ അനുഗമിച്ചു. അദ്ദേഹം കേൾക്കുമെന്നു് ഭയന്നു്, എന്നോടു് സംസാരിയ്ക്കാൻ അവർ ധൈര്യപ്പെട്ടില്ല. എന്നാലും അവരുടെ കണ്ണുകൾ നിറഞ്ഞു് വഴിഞ്ഞിരുന്നു. എനിയ്ക്കു തന്നെ എൻെറ വികാരക്ഷോഭത്തെ നിയന്ത്രിയ്ക്കാൻ കഴിഞ്ഞില്ല ഞാൻ തല തിരിച്ചുകളഞ്ഞു. ഒരു വ്യാപാരിയെന്ന നിലയ്ക്കു് കച്ചവടം നടത്താനാണു് ഞാൻ ചെന്നതു്. ഒരു കഥയിലെ മാലാഖയെപ്പോലെ അവരുടെ വീട്ടിലെത്തിയ ഞാൻ, ഒരന്ധനു് രണ്ടു് മണിക്കൂർ നേരത്തേയ്ക്കു് കാഴ്ചയുണ്ടാക്കിക്കൊടുക്കുകയാണു് ചെയ്തതു്. കളവു് പറഞ്ഞതിൽ എനിയ്ക്കു് ലജ്ജ തോന്നി എങ്കിലും പാവനമായ ആ വഞ്ചനയിൽ ഞാൻ സ്വയം അഭിമാനിയ്ക്കുകയാണു് ചെയ്തതു്. വീർപ്പു് മുട്ടിയ്ക്കുന്ന വിധം ആഹ്ലാദരഹിതമായ ഇക്കാലത്തു് വീണ്ടും ഒരിയ്ക്കൽ കൂടി ആത്മീയവും വിശുദ്ധവുമായ കലാപ്രേമത്തെ സജീവമായനുഭവിക്കുവാൻ എനിയ്ക്കും സാധിച്ചു.

– –

ഉടൻതന്നെ താഴെ തെവിലെത്തിയപ്പോൾ മുകളിൽ ഒരു ജനാല കരഞ്ഞു. എൻെറ പേർ വിളിക്കുന്നതു് ഞാൻ കേൾക്കുകയും ചെയ്തു. എന്നെ കാണാൻ അദ്ദേഹത്തിനു് സാധിച്ചില്ലെങ്കിലും, ഞാൻ ഏതു് ഭാഗത്തേയ്ക്കാണു് നടക്കുക എന്നു് അദ്ദേഹത്തിന്നു് അറിയാമായിരുന്നതുകൊണ്ടു് കാഴ്ചയില്ലാത്ത ആ കണ്ണുകൾ ആ ഭാഗത്തേക്കു് തിരിഞ്ഞിരുന്നു. ആ ജനലിലൂടെ അദ്ദേഹം മുന്നോട്ടു് കുനിഞ്ഞു. അദ്ദേഹം താഴക്കു് വീഴുമെന്നു് ഭയന്നു് ആസ്ത്രീകൾക്കു് അദ്ദേഹത്തെ താങ്ങേണ്ടതായി വന്നു.

ഒരു തുവാല വീശിക്കൊണ്ടു് അദ്ദേഹം വിളിച്ചു പറഞ്ഞു:—

"താങ്കളുടെ യാത്ര സുഖമാവട്ടെ!"

ഒരു കൊച്ചുകുട്ടിയുടേതുപോലെ സന്തോഷം മുഴങ്ങുന്നുണ്ടായിരുന്നു അദ്ദേഹത്തിൻെറ സ്വരത്തിൽ. ആ കാഴ്ച ഞാൻ ഒരിക്കലും മറക്കുകയില്ല.

നിരാശയോടും, ജോലിയെടുത്തു് തളർന്ന മുഖഭാവത്തോടും കൂടി തെരുവിലൂടെ നടന്നുപോയ ആളുകൾക്കെല്ലാം മുകളിൽ ജനലിൽ തെളിഞ്ഞു് കണ്ട ആ വൃദ്ധൻെറ ആഹ്ലാദപൂർണ്ണമായ മുഖം! ഞാൻ അദ്ദേഹത്തിൽ ഉണർത്തിയ മിഥ്യാബോധം ആ ജീവിതത്തിന്നു് ഒരു പുതുമയും, ഉണർവ്വും നല്കി.

ഗെഥെയല്ലേ പറഞ്ഞിട്ടുള്ളതു്:—

"കലാവസ്തു ശേഖരിച്ചു് വെക്കുന്നവർ സന്തോഷജീവികളാണു്" എന്നു്?

— സമാപ്തം —

5 J[illegible] 2003 7/83

# ഞങ്ങളുടെ നോവലുകൾ

| | | | |
|---|---|---|---|
| അജ്ഞാതവരൻ — കെ. ബി അബൂബക്കർ | 0 | 50 |
| അവളാണു് വമ്പത്തി — എം. വി. അലിക്കുട്ടി | 2 | 00 |
| അപ്പനില്ലാത്ത മകൻ — ഇട്ട്യേര | 0 | 90 |
| ആ കനി വിലക്കപ്പെട്ടതാണു് — പടിയത്തു് | 1 | 00 |
| ഒരു ചുംബനത്തിന്റെ കഥ — മൊപ്പസാങ്ങു് | 0 | 50 |
| ഓവിന്റെ മകൾ — എം. വി. അലിക്കുട്ടി | 1 | 75 |
| കാടനാടകം ഡി: — എം. ആർ. നാരായണപ്പിള്ള | 2 | 00 |
| കണ്ണുകൾ — അനുജൻ എം. എ. | 0 | 50 |
| കഥയില്ലാത്ത കാമുകന്മാർ — എം. ഐ. എ. റഹിം | 0 | 40 |
| കാണാതായ കന്യക ഡി: — രാജൻ നായർ | 1 | 00 |
| കൂട്ടിലിട്ട കിളി — ഹസ്സൻ കടവത്തൂർ | 0 | 25 |
| ചെങ്കോട്ടയിലെ ബഹ്റാം ഡി: — ബാരി | 0 | 40 |
| ജമീൽ ഡി: ,, | 2 | 50 |
| തമാശരാമൻ ഡി: ,, | 2 | 00 |
| ഞാൻ വേശ്യയാണു് — മലബാരി | 1 | 00 |
| തെങ്ങിലകൾ — എം. വി. അലിക്കുട്ടി | 1 | 75 |
| ധീരവനിത അഥവാ ഷാം വിജയം (3 ഭാഗം) — ബാരി | 8 | 00 |
| നഗ്നയായ സുന്ദരി — മലബാരി | 1 | 50 |
| നീലമലയിലെ കൊല ഡി: — അനുജൻ എം. എ. | 0 | 50 |
| പ്രേമവിജയം അഥവാ ഖന്തക്ക്‌യുദ്ധം — ബാരി | 5 | 00 |
| മാന്ത്രികദുർഗ്ഗം — എം. ആർ. നാരായണപ്പിള്ള | 0 | 75 |
| മിന്നൽ മരണം ഡി: — അനുജൻ എം. എ. | 1 | 25 |
| രജനിയുടെ രഹസ്യം ഡി: — അനുജൻ എം. എ. | 1 | 50 |
| വേശ്യയുടെ രഹസ്യങ്ങൾ — മലബാരി | 0 | 75 |

ആമിനാ ബുക്ക്സ്റ്റാൾ, തൃശ്ശൂർ—1.

# കണ്ണുകൾ

അനുജൻ, തിരുവാങ്കുളം എം. എ.

G
894.8124
ANU

3089

3089

എ. പി. എസ്. പ്രസിദ്ധീകരണം